Bringing You Closer to God
LANDWAY

# ലാൻഡ്‌വേ ന്യൂസ്

SCAN TO READ ONLINE

10 ഓഗസ്റ്റ് 2017

Volume No.3 • Issue No. 8 • Pages 8 • Price: INR 10/- • Published From Pathanamthitta • www.landwaynews.com • Mail: landwaynews@gmail.com • Call: 9447440441



**ഇപ്പോഴത്തെ ട്രെന്റ്**
സന്തോഷ് പന്തളം



**ക്ഷമയില്ലാത്ത മനുഷ്യജീവിതം**
ഷെറിൻ ഷേർളി സന്തോഷ്



**ദൈവത്തിനു മുൻഗണന കൊടുക്കുക**
സാലി മോനായി



**ഗൾഫ് പ്രവാസം അവസാനിക്കുന്നോ?**
ഡഗ്ലസ് ജോസഫ്

## പി.വൈ.സി. സംസ്ഥാനതല പ്രവർത്തന ഉദ്ഘാടനം

തിരുവല്ല: പെന്തക്കോസ്തു യുവജനങ്ങളുടെ ഐക്യവേദിയായ പെന്തക്കോസ്ത് യൂത്ത് കൗൺസിലിന്റെ സംസ്ഥാനതല ഉദ്ഘാടനം ആഗസ്ട് 6 ന് ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് തിരുവല്ല ശാരോൻ ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. ഇതോടനുബന്ധിച്ച് വിവിധ സഭകളുടെ യുവജനപ്രസ്ഥാനങ്ങളിൽ ഇപ്പോൾ നിലവിൽ വന്ന സംസ്ഥാന നേതാക്കളെയും മുഖ്യ പ്രവർത്തകരെയും ആദരിക്കും. പി.വൈ.സി. പത്തനംതിട്ട ജില്ലാ കമ്മിറ്റിയുടെ രൂപികരണത്തോടൊപ്പം സംസ്ഥാന തലത്തിൽ പുതുതായി തെരെഞ്ഞെടുക്കപ്പെട്ടവരെ പരിചയപ്പെടുത്തുകയും ചെയ്യും.

പെന്തക്കോസ്ത് കൗൺസിൽ ഓഫ് ഇൻഡ്യയുടെ പുത്രികാ സംഘടനയായി കഴിഞ്ഞ ഫെബ്രുവരി മാസത്തിലാണ് പി വൈ സി രൂപം കൊണ്ടത്. യുവജനങ്ങളിലെ ആത്മിക മുന്നേറ്റത്തിനൊപ്പം ബൈബിൾ സത്യങ്ങളിൽ ഉറച്ചു നിന്നു കൊണ്ട് സാമുഹിക പ്രതിബദ്ധതയുള്ള വിഷയങ്ങളിൽ വ്യക്തമായി പ്രതികരിക്കുകയും ക്രിയാത്മകമായി ഇടപെടുകയുമാണ് പിവൈ.സി.യുടെ ലക്ഷ്യം. ഇതിനോടകം ന്യൂനപക്ഷ കമ്മിഷനുമായുള്ള ചർച്ചയടക്കം വ്യത്യസ്ത വിഷയങ്ങളിൽ പി.വൈ സി ക്ക് സമൂഹത്തിൽ ശ്രദ്ധേയമായ സ്ഥാനം കൈവരിക്കാനായിട്ടുണ്ട്.

കഴിഞ്ഞ അഞ്ചു മാസത്തിനിടയിൽ പി വൈ സി യുടെ പ്രവർത്തനങ്ങളുടെ വിശാലതക്കായി വിവിധ പെന്തക്കോസ്തു സഭകളിലെ യുവജനങ്ങളെ അണിനിരത്തി കൊണ്ട് ദക്ഷിണ, മദ്ധ്യ, ഉത്തരമേഖലകളും വിവിധ സ്ഥലങ്ങളിൽ ജില്ലാ കമ്മിറ്റികളും രൂപികരിച്ചിട്ടുണ്ട്. പി വൈ സി ഭാരവാഹികളുടെ സംയുക്തമായ നേതൃപഠനക്യാമ്പ് ഒക്ടോബറിൽ കല്ലുമലയിൽ നടക്കും. ഉദ്ഘാടന സമ്മേളനത്തിൽ വിവിധ ക്രൈസ്തവ സഭാ സാമൂഹിക സാംസ്കാരിക നേതാക്കളും ജനപ്രതിനിധികളും പങ്കെടുക്കുമെന്ന് പി. വൈ. സി യുടെ മാധ്യമ പ്രതിനിധികളായ പാസ്റ്റർ ജെ.പി വെണ്ണിക്കുളവും പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കലും പത്രക്കുറിപ്പിൽ അറിയിച്ചു

## ദമ്പതികൾക്ക് ഗ്രാജുവേഷൻ



**ഡഗ്ലസ് ജോസഫ്,**
**(യു.എ.ഇ റിപ്പോർട്ടർ)**

ഷാർജ: വർഷിപ്പ് സെന്റർ കോളജ് ഓഫ് തീയോളജിയിൽ നിന്നും ബി.റ്റിച്ച് കരസ്ഥമാക്കിയ ദമ്പതികൾ ഇക്കഴിഞ്ഞ ബിരുദദാന സമ്മേളനത്തിൽ ശ്രദ്ധാകേന്ദ്രമായി. പ്രസാദ് വഞ്ചിപ്പുഴയും സഹധർമ്മിണി ജെസ്സി പ്രസാദുമാണ് മൂന്നുവർഷത്തെ ദൈവശാസ്ത്ര പഠനം വിജയകരമായി പൂർത്തീകരിച്ചു ബിരുദം നേടിയത്. ഷാർജ വർഷിപ്പ് സെന്റർ ഐ.പി.സി സഭാംഗങ്ങളാണ്. ഫുജൈറയിൽ താമസിക്കുന്ന ഇവർ കിലോമീറ്ററുകൾ യാത്ര ചെയ്താണ് ഷാർജ വർഷിപ്പ് സെന്റർ കോളജിൽ ക്ലാസിന് പോയിരുന്നത്. പ്രസാദ് സെറാമിക് സിൽ മാനേജർ ആണ്. പ്രായം ദൈവവചന പഠനത്തിന് ഒരു തടസ്സമല്ല എന്ന് തെളിയിക്കുന്നതാണ് ഈ ദമ്പതികളുടെ നിലപാട്.

ചെറുപ്പം മുതൽ ദൈവവചന പഠത്തിനോട് അതിയായ വാഞ്ഛ ഉണ്ടായിരുന്നെങ്കിലും പല കാരണങ്ങളാൽ പഠിക്കാൻ സാധിച്ചില്ല. തുടർ പഠനം നടത്താൻ ആഗ്രഹിക്കുന്നതായും ഇരുവരും പറയുന്നു.

## മലബാർ മേഖലാ ഭാരവാഹികൾ



*സാം കൊണ്ടാഴി*



*ജോബിൻ കെ.ജോൺ*



*രൂപേഷ് മാത്യു*

പെരിന്തൽമണ്ണ: പെരിന്തൽമണ്ണയിൽ നടന്ന പി.വൈ.പി.എ മലബാർ മേഖലാ പൊതുയോഗവും ഐപിസി മലബാർ മേഖലാ കമ്മറ്റിയും സംയുക്തമായി പി.വൈ.പി.എ മലബാർ കോർഡിനേഷൻ കമ്മറ്റിയെ തെരഞ്ഞെടുത്തു. യോഗത്തിൽ ഐ.പി.സി മേഖലാ പ്രസിഡന്റ് പാസ്റ്റർ ജോൺ ജോർജ്ജ് അധ്യക്ഷത വഹിക്കുകയും ഐ.പി.സി മേഖലാ സെക്രട്ടറി പാസ്റ്റർ ബിജോയ് കുര്യാക്കോസ് തിരഞ്ഞെടുപ്പിന് നേതൃത്വം നൽകുകയും ചെയ്തു. ഐ.പി.സി സംസ്ഥാന കൗൺസിൽ അംഗങ്ങളായ ജോർജ്ജ് തോമസ്, സജി മത്തായി കാതേട്ട്, വി.എസ് ചാക്കോ എന്നിവർ ആശംസകൾ അറിയിച്ചു. കോർഡിനേഷൻ കമ്മറ്റി ഭാരവാഹികൾ: സാം കൊണ്ടാഴി, മലപ്പുറം (പ്രസിഡന്റ്), പാസ്റ്റർ ജോജി എബ്രഹാം, മലപ്പുറം, പാസ്റ്റർ ജോൺസൺ കുര്യൻ, കണ്ണൂർ (വൈ.പ്രസിഡന്റുമാർ), പാസ്റ്റർ ജോബിൻ കെ.ജോൺ, വയനാട് (സെക്രട്ടറി), രൂപേഷ് മാത്യു, കോഴിക്കോട്, പാസ്റ്റർ ജയിംസ് വറുഗീസ്, പാലക്കാട് (ജോ.സെക്രട്ടറിമാർ), സന്ദീപ് വിളമ്പുക്കണ്ടം, വയനാട് (ട്രഷറാർ), പാസ്റ്റർ പ്രയ്സൺ മാത്യു, മലപ്പുറം (പബ്ലിസിറ്റി കൺവീനർ), പാസ്റ്റർ പ്രതീഷ് ജോസഫ്, പാലക്കാട് (ജനറൽ കോർഡിനേറ്റർ), ഫിന്നി ജോൺ, പാലക്കാട് പാസ്റ്റർ. സ്റ്റീഫൻ മാത്യു, മലപ്പുറം, പാസ്റ്റർ സുനിൽ ബാബു. കോഴിക്കോട്, ജോനാഥാൻ പ്രയ്സ്, വയനാട്, പാസ്റ്റർ അനീഷ് വൽസൺ, കണ്ണൂർ, പാസ്റ്റർ ശ്യാം രാജ്, കാസർഗോഡ് (കമ്മറ്റിയംഗങ്ങൾ) പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള മലബാർ മേഖലയിൽ 450 ലോക്കൽ, 32 സെന്റർ, 5 സോണൽ പിവൈപിഎ കമ്മറ്റികൾ സജീവമായി പ്രവർത്തിക്കുന്നു.

## സെറാപൂരിൽനിന്നും ഡോക്ട്രേറ്റ് നേടി



പത്തനാപുരം: നടുത്തേരി അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗവും ടി. ചാക്കോ തങ്കമ്മ മകൻ പാസ്റ്റർ ബിജു ചാക്കോ സെറാംപൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് പുതിയനിയമ ദൈവശാസ്ത്രത്തിൽ ഡോക്ട്രേറ്റു നേടി. ''ക്രിസ്തു വിജ്ഞാനീയം ഒരു സങ്കല സംസ്കാര ക്രിസ്തു വിജ്ഞാനീയം: കീഴാള ഇൻഡ്യൻ പശ്ചാത്തലത്തിലുള്ള ഒരു വ്യാഖ്യാന അന്വേഷണം'' എന്ന വിഷയത്തിലാണ് ഡോക്ട്രേറ്റ് ലഭിച്ചത്. ഡറാഡൂൺ ന്യൂ തിയോളജിക്കൽ കോളേജിൽ അദ്ധ്യാപകൻ. ഭാര്യ നിസി. മക്കൾ: ഷോൺ, ഷാരോൺ.

## പുതിയ ബാച്ച് ആരംഭിച്ചു




നിലമ്പൂർ: ന്യൂ ഹോപ്പ് ബൈബിൾ കോളേജിന്റെ ഇരുപതാമത് ബാച്ചിന്റെ ഉദ്ഘാടനം ജൂൺ 19 ന് സൗത്ത് സെന്റർ മിനിസ്റ്റർ പാസ്റ്റർ വി.ജെ. ജോർജ്ജ് നിർവ്വഹിച്ചു. സുവിശേഷകർക്ക് അത്യാവശ്യമായ സ്വഭാവ വിശേഷണങ്ങളെക്കുറിച്ച് രൂത്തിന്റെ പുസ്തകത്തിൽ നിന്നും വിവരിച്ചു. കോളേജിന്റെ ഡയറക്ടറും ഐപിസി കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗവുമായ പാസ്റ്റർ ജോൺ ജോർജ്ജ് സമർപ്പണപ്രാർത്ഥന നടത്തി. ഇൻഡ്യയുടെ 16 സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ ബാച്ചിലർ, ഡിപ്ലോമ എന്നീ കോഴ്സുകളിൽ ഇവിടെ പഠിക്കുന്നു. പ്രിൻസിപ്പൽ പാസ്റ്റർ സാബു മത്തായി കാതേട്ട്. രജിസ്ട്രാർ പാസ്റ്റർ ബിജു വർഗ്ഗീസ് എന്നിവർ കോളേജിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

## അദ്ധ്യാപക സംഗമവും വിദ്യാർത്ഥി ശിൽപശാലയും

കോതമംഗലം: അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് അദ്ധ്യാപക സംഗമവും ടീനേജ് കുട്ടികൾക്കായുള്ള ശിൽപശാലയും സെപ്റ്റംബർ 2 ന് രാവിലെ 10 മുതൽ വൈകിട്ട് 3.30 വരെ കോതമംഗലം എ.ജി യിൽ നടക്കും. ''ദൈവമേ എന്നെയും ഉപയോഗിക്കൂ...'' എന്നതാണ് മുഖ്യ ചിന്താവിഷയം. ഇന്നത്തെ വിദ്യാർത്ഥി, അദ്ധ്യാപകന്റെ സ്വപ്നം, ദൗത്യത്തിൻ അചഞ്ചലമായി, കൗമാരക്കാർ കർമ്മപഥത്തിൽ തുടങ്ങിയ വ്യത്യസ്ത വിഷയങ്ങൾ ശിൽപശാലയിൽ ചർച്ചചെയ്യും. പങ്കാളിത്ത ക്ലാസുകൾക്ക് മുൻ സൺഡേ സ്കൂൾ ഡയറക്ടർ ഇവാ.പി.സി. തോമസ്, അദ്ധ്യാപക വിദ്യാർത്ഥി പരിശീലകനായ സുവി. ഷാജൻ ജോൺ ഇടയ്ക്കാട് തുടങ്ങിയവർ നേതൃത്വം നൽകും.
പവർപോയിന്റ്, വീഡിയോ, ചാർട്ട്വർക്കുകൾ, ഗ്രൂപ്പ് & ടീം വർക്കുകൾ തുടങ്ങിയ മാധ്യമങ്ങൾ ക്ലാസുകൾക്ക് ഉപയോഗിക്കും. രാവിലെ പത്തിന് ഡയറക്ടർ സുവി. സുനിൽ പി. വർഗീസ് അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനം സഭാ സംസ്ഥാന സമിതി അംഗം പാസ്റ്റർ എം.എ. ഫിലിപ്പ് ഉദ്ഘാടനം ചെയ്യും. വൈകിട്ട് 3 ന് മേഖലാ ഡയറക്ടർ പാസ്റ്റർ പി. ബേബി സമാപന സന്ദേശം നൽകും. സൺഡേ സ്കൂൾ സെക്രട്ടറി ഇവാ. ബാബു ജോയി, ട്രഷറർ ഇവാ. ബിജു ഡാനിയേൽ എന്നിവർ പ്രസംഗിക്കും. മേഖല സെക്ഷൻ ഭാരവാഹികൾ സംഗമത്തിനും ശിൽപശാലയ്ക്കും നേതൃത്വം നൽകും.

## പ്രാർത്ഥനാസമ്മേളനം

മല്ലപ്പള്ളി: മല്ലപ്പള്ളി യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ സ്വാതന്ത്ര്യദിന പ്രാർത്ഥനാ സമ്മേളനം ഓഗസ്റ്റ് 15 വൈകിട്ട് 6 മണിക്ക് മൂശാരിക്കവല ശാരോൺ സഭാ ഹാളിൽ നടക്കും.

മേജർ വി.ഐ ലൂക്ക്, പാസ്റ്റേഴ്സ് ബെന്നി ജോസഫ്, റ്റി.വി.ജോൺസൺ, എ.ഡി. ജോൺസ് എന്നിവർ ഈ പ്രത്യേക പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുന്നു. പൗവ്വർ പോയിന്റ് പ്രസ് സ്റ്റേഷൻ പ്രാർത്ഥനയ്ക്ക് സഹായമായി ഉണ്ടായിരിക്കുന്നതാണ്.

### അറിയിപ്പ്

ഇതുവരെയും ലാൻഡ്‌വേയുടെ പ്രവർത്തനങ്ങളോട് സഹകരിച്ച എല്ലാവർക്കും നന്ദി. തുടർന്നും വരിസംഖ്യ അടച്ച് ഈ പ്രവർത്തനം സുഗമമായി മുമ്പോട്ട് പോകുവാനുള്ള സഹായ സഹകരണങ്ങൾ അപേക്ഷിക്കുന്നു.

*ചീഫ് എഡിറ്റർ*

### സഹോദരിമാരുടെ കൂട്ടായ്മ

എല്ലാ മാസത്തെയും ഒന്നാമത്തെ തിങ്കളാഴ്ച മുളന്തുരുത്തി സെന്റ് തോമസ് ചാരിറ്റബിൾ ട്രസ്റ്റ് ഓഡിറ്റോറിയത്തിൽ വെച്ച് സഭാവിഭാഗ വ്യത്യാസമെന്യേയുള്ള സഹോദരിമരുടെ കൂട്ടായ്മ നടക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക്:**
**ഷീലാ ദാസ്**
**ഫോൺ: 9895235535**

**LANDWAY NEWS**
**EDITORIAL BOARD**
*CHIEF EDITOR:*
Santhosh Pandalam
*EDITOR:*
Sherly Santhosh
*ASSOCIATE EDITOR:*
Shiju John Samuel
*SUB EDITOR:*
Joy Varghese Elanthoor
*ADVISORY BOARD:*
Godwin Y. D • Shibu Paippad
Mohan George • Biju Abraham
Finny Joseph • J. P. Vennikulam
Jacob Kottarakkara • Finny Kanjangod

*REPORTERS:*

UNITED KINGDOM
Sam Jiji Mangalathu
UNITED STATES OF AMERICA
Avinash Thankachan
AUSTRALIA
Aaron George Mathew
KINGDOM OF SAUDI ARABIA
JUBAIL
Shibu Paippad
RIYADH
Daniel Eppachan
UNITED ARAB EMIRATES
UAE Coordinator & Reporter
Duglas Joseph
AJMAN
Anil Babu
SHARJAH
Das P. Vilakudy
DUBAI
Siby George
RAS AL KHAIMAH
Biji Philip
UMM AL QUWAIN
Abraham Thomas
QATAR
Biju Iverkala
BAHRAIN
Bose B Varghese
BULGARIA
Ronald Regie
KERALA
Shibu George
KARNATAKA
Paul C. Joseph
DELHI
C. John
MUSCUT
Sam George, Kottarakkara

ETHIOPIA
Tariku Alemu

**Address:**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India
Phone: +91-9447440441,
Email: landwaynews@gmail.com,
www.facebook.com/landwaynewspaper
www.landwaynews.com

**Yearly Subscription**
INDIA: Rs. 120
USA: Dollars - 50
UK: Pounds - 25
Gulf: Rs. 2000

Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

## വരിസംഖ്യ?

**ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ വരിസംഖ്യയും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതിലെങ്കിലും അയയ്ക്കുക!**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India

*Bank Details*
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

**EDITORIAL DESK**



സന്തോഷ് പന്തളം

# ഇപ്പോഴത്തെ ട്രെന്റ്

> കഴിഞ്ഞദിവസം ഞാൻ പന്തളത്ത് നിൽക്കുമ്പോൾ ഒരു ആൺകുട്ടി ഓടിക്കുന്ന ബൈക്കിന്റെ പുറകിൽ 20 വയസ്സോളമുള്ള ഒരു പെൺകുട്ടി നിൽക്കുന്നു. കാര്യം ചിന്തിച്ചപ്പോഴാ മനസ്സിലായത് ഡ്രൈവറേക്കാൾ ഉയരമുള്ള സീറ്റിൽ പെൺകുട്ടി ഇരിക്കുകയാണ്.

വർത്തമാനപത്രങ്ങളിലും മറ്റു മാധ്യമങ്ങളിലും തങ്ങളുടെ ചിത്രം വരാൻ വേണ്ടി കൊടുംക്രൂരതകൾ ചെയ്യുന്ന ഒരു കൂട്ടം യൗവ്വനക്കാർ സമൂഹത്തിൽ ഇപ്പോൾ നടമാടുന്നു. പരസ്യങ്ങളോ അറിയിപ്പുകളോ കൊടുത്താൽ മാധ്യമങ്ങൾക്ക് കാശ് കൊടുക്കണം. പക്ഷേ കൊടുംക്രൂരതകൾ ചെയ്താൽ കാശുകൊടുക്കാതെ ടിവി ചാനലുകളും പത്രക്കാരും ഇങ്ങനെയുള്ളവരെ തേടി ഓടിയെത്തുന്നു. വർഷങ്ങൾ കൊണ്ട് ആരും അറിയാത്ത ഓണംകേറാമൂലപോലുള്ള സ്ഥലത്ത് ജീവിച്ചവർ ഒരു നിമിഷം കൊണ്ട് ലോകരാജ്യമാധ്യമങ്ങളിൽ ഒരു രൂപപോലും ചിലവഴിക്കാതെ ഇടം പിടിക്കുന്നു. പണ്ടുകാലത്ത് നാം കേട്ടിരുന്നത് അയൽരാജ്യങ്ങൾ തമ്മിൽ യുദ്ധം ചെയ്യുമ്പോൾ ചിലർ മരിക്കുന്നു. അത്മാറി രാജ്യത്തിനകത്തായി, സംസ്ഥാനങ്ങളിലായി, ജില്ലകളിലായി, പഞ്ചായത്തുകളിലായി, വാർഡുകളിലായി, ഇപ്പോൾ അയൽപക്കത്തുകാരായി മാറി. ഇപ്പോഴത്തെ ട്രെന്റ് തങ്ങൾക്കു ജന്മം നൽകിയ മാതാപിതാക്കളെ കൂരമായികശാപ്പ് ചെയ്യുന്ന യുവമിധുനങ്ങളെ ലോകം രണ്ട് കൈനീട്ടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ചിലനാളുകളായി മാതാപിതാക്കളെ മക്കൾ കൊന്നു പക വീട്ടുന്ന വാർത്തകൾ കാണുകയും കേൾക്കുകയും നാം ചെയ്യുകയാണല്ലോ.

ബൈക്ക് വാങ്ങിച്ചുകൊടുത്തില്ലെങ്കിൽ, വഴക്ക് പറഞ്ഞാൽ, ആഹാരം ശരിയായില്ലെങ്കിൽ, പരീക്ഷയ്ക്ക് തോറ്റതിന് ശകാരിച്ചാൽ, മക്കളുടെ മക്കളെ മാതാപിതാക്കൾ നേരാംവണ്ണം ശ്രദ്ധിച്ചില്ലെങ്കിൽ, വസ്തു തർക്ക മാണെങ്കിൽ, തുറന്ന് ഒന്ന് ചിരിച്ചാൽ, വിഷമം കൊണ്ട് ഇരുന്നാൽ, മറ്റുള്ളവർ വരുമ്പോൾ അവരുടെ കൂടെഇരുന്നാൽ, അവരുടെ കൂടെനിന്നാൽ ഇങ്ങനെയുള്ള പലവിഷയങ്ങൾ രൂപപ്പെടുത്തി മാതാപിതാക്കളെ കൊന്ന് കൊലവിളിക്കുന്ന കൊലകൊമ്പന്മാരെ നമ്മുടെ ചുറ്റുപാടുകളിൽ ഇപ്പോൾ സുലഭമായി കാണാം.

തിരുവനന്തപുരം, നന്ദൻകോട്, ആനന്ദപ്പള്ളി, വെങ്ങലടി, നരിയാപുരം, മുളക്കുഴ, തോന്നല്ലൂർ, ചെറിയനാട്, തിരുവല്ല തുടങ്ങിയ സ്ഥലങ്ങളിൽ ഇങ്ങനെയുള്ള സംഭവങ്ങൾ കൺമറയാതെ മുമ്പിലുണ്ട്. ഇവരൊക്കെ വാർത്തകളിൽ ഇടംപിടിച്ചു പിന്നെ വാർത്തകളായി കാലയവനികക്കുള്ളിൽ മാറിമറിഞ്ഞും ഗവൺമെന്റിനോ സമൂഹത്തിനോ ഇവരെ ഒന്നും ചെയ്യുവാൻ കഴിയുന്നില്ല. 'കാശ് കൈയിലുണ്ടെങ്കിൽ കാരണ വരെ പേടിക്കണമോ' എന്നതാണ് ഇവിടെത്തെ പ്രസക്തമായ ചോദ്യം.

പലരും ജയിലിൽ നിന്നും അവധിക്ക് ഇറങ്ങിവന്ന് സമൂഹത്തിൽ ഉന്നതരുമായി വിലസുന്നു. നാണം ലെവലേശംപോലും ഇല്ലാതെ കൊലക്കുറ്റം ചെയ്തുവെന്ന് അതിധൈര്യമായി സമൂഹത്തോട് പ്രസംഗിക്കുന്ന രാഷ്ട്രീയ നേതാക്കൾ പോലും ഇന്ന് സമൂഹത്തിൽ വിലസുന്നു. അവർക്ക് അധികാര കസേരകൾ കൈമാറുന്നു. അണികളെ നിരത്തി അടിയുണ്ടാക്കിയ അച്ചായന്മാർ അരമനകളിലും അനുബന്ധസ്ഥാപനങ്ങളിലും അഘോഷിക്കുന്നു.

ഈയിടക്ക്, ഒരമ്മ വിദ്യാർത്ഥിയായ മകനെ പേടിച്ച് വീട്ടിൽ കയറാതെ നിൽക്കുന്നതായി ഞാനറിഞ്ഞു. കാര്യം തിരക്കിയപ്പോൾ മകന്റെ വിനോദയാത്രയ്ക്ക് കാശ് കൊടുത്തില്ലെങ്കിൽ അമ്മയെ കശാപ്പുചെയ്യുമെന്ന് ഭീഷണിയായതിനാൽ പെറ്റ അമ്മക്ക് പൊന്നോമനയെ പേടി. മക്കളെ പോറ്റി വളർത്തി വലുതാക്കുമ്പോൾ ആരും ചിന്തിക്കുന്നില്ല തങ്ങളെ കൊല്ലുവാനുള്ള കൊലയാളി ഇതാണെന്ന്. പണ്ട് ആരോ പറഞ്ഞതുപോലെ പാമ്പിന് പാലുകൊടുത്താൽ ആ കൈയിൽ തന്നെ പാമ്പുകൊത്താൻ സാധ്യതയുണ്ട്. ഇങ്ങനെ സംഭവിക്കുന്നതിന് കാരണം ഇന്നത്തെ വളർത്തുദോഷം തന്നെയാണ്. അപ്പനമ്മമാർ കഴിക്കാത്ത ഭക്ഷണം, കേറാത്ത വാഹനങ്ങൾ ആഗ്രഹിച്ചിട്ടും സാധ്യമാകാത്തതിനാൽ മക്കൾക്ക് അനുഭവിക്കാൻ മോഡിയേറിയ വീടും വാഹനങ്ങളും ഭക്ഷണങ്ങളും ഒരുക്കിക്കൊടുക്കുന്നു.

ഇന്നത്തെ പിള്ളാരോട് മാതാപിതാക്കളെക്കുറിച്ച് ചോദിച്ചാൽ അവർ പറയും ഡാഡി ഗൾഫിൽ... കഷ്ടം! രാത്രിയെന്നില്ലാതെ പകൽ എന്നില്ലാതെ എല്ലുമുറിയെ പണിയെടുക്കുന്ന, ശകാരങ്ങൾ കേൾക്കുന്ന അനവധി ഡാഡിമാരെ ഞാൻ കണ്ടിട്ടുണ്ട്. അവർ നാട്ടിൽ വരുമ്പോൾ അത്തറിന്റെ മണം. പിള്ളാരുടെ ചിന്ത അങ്ങ് പണം കുലുക്കി വീഴ്ത്തുന്ന മരത്തിന്റെ ചുവട്ടിലാണ് ഡാഡി ഇരിക്കുന്നത്. അയ്യോ! എന്നോടു തുറന്നു പറഞ്ഞു കരയുന്ന അനേകരെ ഇന്നും ഞാൻ കണ്ടുകൊണ്ടിരിക്കുകയാണ്. ഇവരാണ് മക്കളെ പോറ്റുന്നത് മക്കൾക്ക് എന്നു അറിയണം. ഉയർന്ന ബൈക്കും വേഗതയുള്ള ഓട്ടവുമാണ് അവരുടെ മുദ്രാവാക്യം.

കഴിഞ്ഞദിവസം ഞാൻ പന്തളത്ത് നിൽക്കുമ്പോൾ ഒരു ആൺകുട്ടി ഓടിക്കുന്ന ബൈക്കിന്റെ പുറകിൽ 20 വയസ്സോളമുള്ള ഒരു പെൺകുട്ടി നിൽക്കുന്നു. കാര്യം ചിന്തിച്ചപ്പോഴാ മനസ്സിലായത് ഡ്രൈവറേക്കാൾ ഉയരമുള്ള സീറ്റിൽ പെൺകുട്ടി ഇരിക്കുകയാണ്. എനിക്ക് നിൽക്കുന്നതായി തോന്നി ഇതാണ് ഇന്നത്തെ ബൈക്ക് യാത്രക്കാരും ചെറുപ്പക്കാരും. ഇതുപോലുള്ള വാഹനങ്ങൾ വാങ്ങിക്കൊടുത്തില്ലെങ്കിൽ യാതൊരു സംശയവും വേണ്ട അപ്പനമ്മമാരെ കശാപ്പാക്കും. ദൈവഭയത്തിൽ വളർത്തുന്ന മക്കൾ ഒരിക്കലും തെറ്റുകയില്ല. അവർ നമുക്കും സമൂഹത്തിനും ആശ്വാസം തന്നെ.

**YOUTH cornor**

> ആർക്കും ആരുടെയും ജീവൻ എടുക്കുവാൻ ദൈവം അനുവാദം നൽകിയിട്ടില്ല. അടി പതറി ഇടഞ്ഞുനിൽക്കുന്ന കൊലകൊമ്പന്മാരെ പ്രാർത്ഥനയാൽ കീഴടക്കുക.

# ക്ഷമയില്ലാത്ത മനുഷ്യജീവിതം



**ഷെറിൻ ഷേർളി സന്തോഷ്**

അടുത്തകാലങ്ങളിൽ നടന്നുവരുന്ന കൊലപാതകങ്ങൾ ശ്രദ്ധിച്ചാൽ മനസ്സിലാക്കുവാൻ സാധിക്കും മാതാപിതാക്കൾക്ക് ജാഗ്രത ഏറെ വേണമെന്ന്. ഈ കാലഘട്ടം മക്കൾ മാതാപിതാക്കളെ നീചമായി കൊല്ലുന്ന കാലമായി മാറി കഴിഞ്ഞിരിക്കുന്നു. മാതാപിതാക്കൾ ചിന്തിക്കുന്നുണ്ടോ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവി ക്കുന്നതെന്ന്? പലർക്കും പലവിധത്തിലായിരിക്കും ഈ വിഷയത്തിൽ അഭിപ്രായം. മക്കളെ വേണ്ടുംവിധം വളർത്താൻ ശ്രമിച്ചിട്ടും പരാജിതരായ മാതാപിതാക്കളുമുണ്ട്. അതായത് വളർത്തുദോഷമാകാം ഏറെക്കുറെ പ്രശ്നങ്ങൾക്കും കാരണമെന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല. കുട്ടികളെ ഓമനിച്ച് ലാളിച്ച് സ്നേഹത്തോടും ശിക്ഷിക്കേണ്ട സമയങ്ങളിൽ ശകാരിച്ച് വളർത്തുന്ന തലമുറകൾ ഇങ്ങനെ ചെയ്യാൻ അവർക്ക് മനസ്സു വരികില്ല. സ്നേഹം കിട്ടാത്ത മക്കൾ ക്രൂരത ചെയ്യുവാൻ മടിക്കുകയുമില്ല. നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ കുഞ്ഞുകുട്ടികൾ നമ്മൾ എന്തൊക്കെ നല്ല കാര്യങ്ങൾ പറഞ്ഞാലും ശ്രദ്ധിക്കില്ല. ഒരു വാക്ക് പറഞ്ഞാൽ അനുസരിക്കില്ല. എന്നാൽ അറിയാതെ മുതിർന്നവരുടെ വായിൽ നിന്നും വേണ്ടാത്തത് എന്തെങ്കിലും ഒരു വാക്ക് വന്നാൽ അതിൽ അവർ കേറിപ്പിടിക്കും. ഇടയ്ക്ക് ഇടയ്ക്ക് പറഞ്ഞുകൊണ്ടുമിരിക്കും. മാതാപിതാക്കളെ നിങ്ങളുടെ ഓരോ വാക്കുകളും, പ്രവർത്തികളും സൂക്ഷ്മതയോടെ ഗ്രഹിക്കുന്നവരാണ് മക്കൾ.

മക്കളെ ശകാരിക്കണം. പക്ഷേ അധികമായാൽ അമൃതവും വിഷമാണ് പറയുമ്പോഴും ശിക്ഷിക്കുമ്പോഴും, അധികമാക്കരുത്. മക്കളെ അടിമകളായി ഒരിക്കലും കാണരുത്. അവർക്ക് നല്ല ഒരു ഉത്തമസുഹൃത്താകാൻ ശ്രമിക്കുക. സമയം കണ്ടുപിടിച്ച് അവർക്കൊപ്പം അൽപസമയം ചിലവിടാൻ ശ്രമിക്കുക. വഴക്കു പറയണ്ട സ്ഥാനങ്ങളിൽ വഴക്കുപറയുക. മാതാപിതാക്കളുടെ ഒരു വാക്ക് മതി സന്താപവും, സങ്കടവും മാറാൻ. നീ എനിക്ക് ഒരു ഭാരമാണ് അല്ലെങ്കിൽ ശല്യമാണെന്ന് ഒരിക്കലും മക്കളോട് പറയരുത്. കുടുംബത്തിൽ ഏറ്റഴും വേണ്ടതും ആവശ്യവുമായ ഒരു കാര്യമാണ് സഹകരണം എന്നത്.

പരസ്പരം സഹകരിച്ചും പ്രാർത്ഥിച്ചും മുമ്പോട്ടു പോവുക. വൃദ്ധസദനങ്ങളും കൊലപാതകങ്ങളും ഏറി വരുന്ന ഈ ലോകത്തിൽ അതിന് ഇരകളാകാതെ സൂക്ഷിക്കുക. ആർക്കും ആരുടെയും ജീവൻ എടുക്കുവാൻ ദൈവം അനുവാദം നൽകിയിട്ടില്ല. അടി പതറി ഇടഞ്ഞുനിൽക്കുന്ന കൊലകൊമ്പന്മാരെ പ്രാർത്ഥനയാൽ കീഴടക്കുക.

*Every good gift and every perfect gift is from above, coming down from the Father of lights*

Since : 1988
GRACE
Visual media
09447255475, 09447370979



**Wedding Photography & Video Graphy**
*Direction:* HEBRON DAVID *(sabu)*
Grace Visual Media, Shoranur
www.gracevisualmedia.com
E-mail: gracevisual@gmail.com

Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc....,
Advertising, Fashion Photography, Cinimatography, Video Album, Direction & Event plus...Tension free events...

# ദൈവത്തിനു മുൻഗണന കൊടുക്കുക



സാലി മോനായി

ദൈവഭക്തിയും ദൈവാശ്രയവുമാണ് വിജയകരമായ ജീവിതത്തിന്റെ അടിസ്ഥാനം. എല്ലാ മേഖലകളിലും ദൈവത്തിനു മുഖ്യസ്ഥാനം നല്കുകയും ദൈവാലോചനപ്രകാരം ജീവിതം നയിക്കുകയും ചെയ്താൽ എതു പ്രതിസന്ധിയെയും തരണം ചെയ്യുവാൻ കഴിയും. കുടുംബത്തിന്റെ ആത്മീയ നിലവാരം പടുത്തുയർത്തുവാനും സംരക്ഷിക്കുവാനുമുള്ള ചുമതല വീട്ടമ്മയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. വ്യക്തിപരമായി പ്രാർത്ഥനാജീവിതവും, ദൈവവചന ധ്യാനവും ദിനചര്യയാക്കുന്നതോടൊപ്പം രാവിലെയും വൈകിട്ടും കുടുംബ പ്രാർത്ഥന നടത്തുന്നതിന് മുൻകൈ എടുക്കുകയും ചെയ്യേണ്ടത് വീട്ടിലെ അമ്മയാണ്. പ്രാർത്ഥനയുടെയും, വചനത്തിന്റെയും അടിത്തറയുള്ള കുടുംബം പരിശുദ്ധാത്മ ശക്തിയാൽ പ്രതിസന്ധികളിൽ നിലനില്ക്കും. സദൃശ്യവാക്യങ്ങൾ 31:10 മുതലുള്ള വാക്യങ്ങളിൽ സമാർത്ഥ്യമുള്ള ഭാര്യയുടെ ഗുണവിശേഷങ്ങളും പ്രവർത്തനരീതികളും ദർശിക്കാം.

ഏറ്റവും ഒടുവിലായി, ഭർത്താവും മക്കളും അവളെ പ്രശംസിക്കുന്നതിനു കാരണം അവളുടെ ദൈവഭക്തി മാത്രമാണ്. ലാവണ്യം വ്യാജവും സൗന്ദര്യം വ്യർത്ഥവുമാണെന്ന് അവിടെ എടുത്തുപറഞ്ഞിട്ടുണ്ട്. നിന്റെ വഴി യഹോവയെ ഭരമേല്പ്പിക്ക; അവനിൽ തന്നെ ആശ്രയിക്ക; അവൻ അതു നിർവ്വഹിക്കും (സങ്കീ. 37:5). കുടുംബപ്രാർത്ഥനകൾക്കു തടസ്സം സൃഷ്ടിക്കുന്ന ഒരു മാദ്ധ്യമമാണ് ടെലിവിഷൻ. സന്ധ്യയാകുമ്പോൾ ഹൃദ്യമായ പരിപാടികളിലൂടെ കുടുംബത്തിന്റെ ശ്രദ്ധപിടിച്ചു പറ്റുന്ന ടി.വി കുടുംബത്തെ മുഴുവൻ ആത്മീയ അരാജകത്വത്തിലേക്കു നയിക്കുകയാണെന്ന യാഥാർത്ഥ്യം മനസിലാക്കണം.

പാതിരാത്രിയോളം നീളുന്ന ടി.വി പ്രോഗ്രാമുകൾ പ്രഭാത പ്രാർത്ഥനയും മുടക്കുന്നു. മാതാപിതാക്കൾക്ക് ജോലിക്കും മക്കൾക്ക് സ്കൂളിലും പോകുവാനുള്ള തത്രപ്പാടിനിടയിൽ രാവിലെ പ്രാർത്ഥിക്കുവാനോ വചനം ധ്യാനിക്കുവാനോ സമയം കണ്ടെത്താനാകുന്നില്ല. ശേഷം മനുഷ്യരെപ്പോലെ വിശ്വാസി എന്ന ലേബലുമായി നാമും ലൗകികരായി ജീവിക്കുന്നു.

കുടുംബ പ്രാർത്ഥനപോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ് സഭയിലെ കൂട്ടായ്മകളും കോട്ടേജുമീറ്റിംഗുകളും. എത്ര പ്രാരാബ്ധങ്ങളുണ്ടായാലും ഇവയ്ക്ക് മുടക്കം വരുത്താതെ ശ്രദ്ധിക്കേണ്ടത് വീട്ടമ്മയാണ്. മക്കളുടെ പഠനകാര്യങ്ങൾ ക്രമീകരിച്ചിട്ട് കുടുംബമായി ഇടയോഗങ്ങളിൽ സംബന്ധിക്കുവാൻ പരമാവധി ശ്രമിക്കണം.

കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നതുപോലെ തന്നെ അവരെ ദൈവവചനം പഠിപ്പിക്കുവാനും അമ്മമാർ ഉത്സാഹിക്കണം. കുടുംബ പ്രാർത്ഥനയിൽ വചനധ്യാനം നിർബന്ധമാക്കണം. സണ്ടേസ്കൂൾ പാഠങ്ങളും വേദപുസ്തക സംബന്ധമായ പൊതുവിവരങ്ങളും പഠിപ്പിക്കുവാനും വേദപുസ്തക ഭാഗങ്ങൾ മനഃപാഠമാക്കുവാനും വാരാന്ത്യങ്ങളും അവധിക്കാലങ്ങളും പ്രയോജനപ്പെടുത്തണം. ശനിയാഴ്ച ഉച്ചകഴിഞ്ഞുള്ള സമയം മുതൽ ഞായറാഴ്ച ആരാധന കഴിയുന്നതുവരെ സണ്ടേസ്കൂൾ പാഠം പഠിക്കാനും വാക്യം പഠിക്കാനും മാത്രമായി മാറ്റിവയ്ക്കുന്ന അനേക ഭവനങ്ങളുണ്ട്. കുറഞ്ഞ പക്ഷം ഇത്രയും സമയമെങ്കിലും ആഴ്ചയിലൊരിക്കൽ ദൈവിക വിഷയങ്ങൾക്കു നല്കേണ്ടതാണ്. സ്കൂളിലെ പാഠങ്ങളും ട്യൂഷനുമൊക്കെ ബാക്കിയുള്ള സമയത്ത് പഠിക്കാവുന്നതേയുള്ളൂ.

പ്രാർത്ഥനയ്ക്ക് ജീവിതത്തിൽ പ്രഥമ സ്ഥാനം നല്കിയാൽ ഏതു പ്രതിസന്ധിയിലും പിടിച്ചു നില്ക്കാനാവും. ഏതുകാര്യം ചെയ്യുന്നതിനുമുമ്പും പ്രാർത്ഥിക്കുന്ന സ്വഭാവം വീട്ടിൽ ഉണ്ടാകണം. ഭക്ഷണം കഴിക്കുന്നതിനുമുമ്പും, യാത്രപോകുന്നതിനുമുമ്പും പ്രാർത്ഥിക്കാൻ മറക്കരുത്. കുഞ്ഞുങ്ങൾ സ്കൂളിൽ പോകുമ്പോൾ അവരെ പ്രാർത്ഥിച്ച് അയയ്ക്കണം. കുടുംബാംഗങ്ങളെല്ലാം വീട്ടിലുള്ള ദിവസം നോക്കി ആഴ്ചയിലൊരുദിവസമെങ്കിലും ഭാഗികമായോ, പൂർണ്ണമായോ ഉപവസിച്ചു പ്രാർത്ഥിക്കുന്നത് അനുഗ്രഹകരമാണ്. പുതിയ കാറും ഗൃഹോപകരണങ്ങളും വാങ്ങുമ്പോൾ അവ ഉപയോഗിക്കുന്നതിനു മുമ്പ് കുടുംബാംഗങ്ങളെല്ലാം ചേർന്ന് പ്രാർത്ഥിച്ച് ദൈവനാമമഹതസമർപ്പിക്കണം. വീട്ടിൽ എന്തുവിഷയമുണ്ടായാലും പ്രാർത്ഥിക്കുന്ന ശീലമുണ്ടായാൽ അത് കണ്ടുപഠിക്കുന്ന കുഞ്ഞുങ്ങൾ അവരുടെ ജീവിതത്തിലും അത് പ്രാവർത്തികമാക്കും. അങ്ങനെ തലമുറകളിലേയ്ക്ക് ദൈവാശ്രയം പകർന്നു നല്കാനാവും.

സഭാശുശ്രൂഷകനെയോ കൂട്ടുവിശ്വാസികളെയോ കുറ്റം പറയുകയും വിമർശിക്കുകയും ചെയ്യുന്ന വേദികളായി കുടുംബ സദസ്സുകൾ മാറരുത്. ആത്മീയതയ്ക്കു ചേരാത്തതും കുടുംബത്തെ സംബന്ധിക്കാത്തതുമായ ദോഷാരോപണങ്ങൾ ഉന്നയിച്ചു ചർച്ച ചെയ്യുന്നത് ഇളം മനസുകളിൽ പതിയുകയും മക്കൾ നിഷേധാത്മക മനോഭാവമുള്ളവരായി വളരുകയും ചെയ്യും. ദൈവത്തെ മുമ്പിൽ നിർത്തി, ദൈവീക വിഷയങ്ങൾക്കും ആത്മീയതയ്ക്കും മുൻഗണന നല്കി ജീവിതം നയിച്ചാൽ നന്മയും അനുഗ്രഹങ്ങളും ഉണ്ടാകും. ജീവിതവിജയത്തിന്റെ ആദ്യപടിയും അതുതന്നെ.

# അതുല്യനായ ക്രിസ്തു



ജോൺസൻ കണ്ണൂർ

ഉലകത്തിൽ മറ്റാരോടും ഉപമിക്കാൻ കഴിയാത്ത അതുല്യനാണ് ക്രിസ്തു. ചരിത്രത്തിന്റെ താളുകളിൽ വിരൽ വെച്ച് വിനോദിക്കുന്ന ചരിത്ര വിദ്യാർത്ഥിക്ക് കണ്ടെത്തുവാൻ കഴിയുന്ന ചരിത്രപുരുഷനാണ് ക്രിസ്തു. ഭാവനയോ, ഐതിഹ്യമോ, കെട്ടുകഥയോ ഊഹാപോഹമോ അല്ല ക്രിസ്തു. കേവലം നിർമ്മിത കഥകളെ അടിസ്ഥാനമാക്കിയല്ല പ്രത്യുത ഞങ്ങൾ കേട്ടതും സ്വന്തകണ്ണ് കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈതൊട്ടതുമായ ജീവന്റെ വചനം എന്നാണ് യോഹന്നാൻ തന്റെ ലേഖനത്തിൽ എഴുതുന്നത്. രക്ഷകൻ എന്ന പേരിൽ ക്രിസ്തുവല്ലാതെ ഇവിടെ ആരും ജനിച്ചിട്ടില്ല. ക്രിസ്തു സർവ്വലോകത്തിന്റെയും രക്ഷകനാണ്. എന്നെ രക്ഷിക്കുവാൻ എന്റെ ദൈവം ഏതെങ്കിലും ജീവിയുടെ വേഷത്തിൽ വന്നാൽ ഞാൻ ഞെട്ടിപ്പോകുമായിരുന്നു. ആനയായിട്ട് വന്നാൽ അലറി പോകും. കരടിയായിട്ട് വന്നാൽ കരഞ്ഞുപോകും. മാത്രമല്ല എന്നെക്കാൾ തരംതാണ ജീവിയുടെ വേഷത്തിൽ വന്നാൽ എനിക്കുവേണ്ടിയുള്ള അവന്റെ രക്ഷാകര പദ്ധതി തരംതാണതായിപ്പോകും. അങ്ങനെവന്നപ്പോൾ എന്നെ രക്ഷിക്കാൻ എന്റെ ദൈവം എന്നെപ്പോലെ ആയി. സാക്ഷാൽ ദൈവമായിരുന്നവൻ മനുഷ്യനായി എനിക്കുവേണ്ടി വന്നു. ''മക്കൾ ജഡരക്തങ്ങളോടു കൂടിയവരാകയാൽ അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി (എബ്രാ 2:15)''.

ലോകചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്തതും, മനുഷ്യന്റെ പ്രത്യുൽപാദന ശാസ്ത്രത്തെ തകിടം മറിച്ച് കൊണ്ടുള്ളതും അത്ഭുതകരവുമായിരുന്നു യേശുവിന്റെ ജനനം. കെ. പി. കേശവമേനോന്റെ ഭാഷയിൽ ''മനുഷ്യനായ് യേശു കാലിത്തൊഴുത്തിൽ കിടന്നു എന്നു പറഞ്ഞാൽ മനുഷ്യൻ മൃഗത്തോളം അധഃപതിച്ചതുകൊണ്ടാണ് യേശു അങ്ങനെ ജനിച്ചത്''. മനുഷ്യൻ മൃഗമായാൽ മൃഗത്തേക്കാൾ മോശമാകുന്ന സ്ഥിതിയാണല്ലോ നിലവിൽ നാം കാണുന്നത്. മനുഷ്യന്റെ മകൻ മനുഷ്യൻ മാത്രമാണ്. മനുഷ്യപുത്രനല്ല. ദൈവപുത്രൻ മനുഷ്യ വേഷത്തിൽ വന്നതു കൊണ്ടാണ് മനുഷ്യപുത്രൻ എന്ന് ബൈബിൾ വിശേഷിപ്പിക്കുന്നത്. പ്രപഞ്ചനാഥൻ പ്രപഞ്ചത്തിലേക്കിറങ്ങുകയും ചരിത്രത്തിന്റെ സൃഷ്ടാവ് ചരിത്രത്തിനുള്ളിൽ ഇറങ്ങുകയും സത്യനായകൻ സമയത്തിനുള്ളിൽ ഒതുങ്ങുകയും ചെയ്തു.

''ക്രിസ്തുവോ വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നിട്ടു കൈപ്പണിയല്ലാത്തതായി എന്നു വെച്ചാൽ ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി വലിപ്പവും തികവുമേറിയ ഒരു കൂടാരത്തിൽക്കൂടി കടന്നു'' (എബ്രാ 9:11).

സകല ആചാര്യന്മാരും പുണ്യളന്മാരും പ്രവാചകന്മാരും പുരോഹിതന്മാരും എല്ലാവരും ഈ സൃഷ്ടിയിൽ ഉൾപ്പെട്ടവരാണ്. എന്നാൽ ക്രിസ്തു ഈ സൃഷ്ടിയിൽപ്പെട്ടതല്ല. പ്രവാചകന്മാർ നൂറ്റാണ്ടുകൾക്കു മുമ്പ് എഴുതിവെച്ചതുപോലെ ജനിച്ച് പ്രവചന നിവൃത്തിപോലെ ജീവിച്ച് പ്രവചനം പോലെ മരിച്ച് ഉയർത്തെഴുന്നേറ്റവനാണ് ക്രിസ്തു. ജനിക്കുന്നതിന് മുമ്പ് ജീവചരിത്രം എഴുതിയവനാണ് യേശുക്രിസ്തു.

സ്ത്രീകളുടെ പംക്തി

# ആ ധീരവനിതയെ നമുക്ക് മാതൃകയാക്കാം

വേദപുസ്തകത്തിൽ ശിമോൻ എന്ന വന്ദ്യവയോധികനായ മനുഷ്യൻ, യേശുവിന്റെ അമ്മയായ മറിയയോട് പറഞ്ഞ പ്രവചന വാക്കുകളിൽ ഒന്നാണ്, സ്വന്തപ്രാണനിലൂടെയും ഒരു വാൾ കയറും (ലൂക്കോസ് 2:35) ദുർന്നടപ്പുകാരി എന്ന് ലോകം ഒരു കാലഘട്ടത്തിൽ വിലയിട്ട സ്ത്രീയെ ദൈവം ഭാഗ്യവതി എന്ന പേരിലേക്കു മാറ്റി. അതിനു കാരണമായത്, ദൈവസന്നിധിയിൽ നിന്നുകൊണ്ട് ദൂത്, വിളിച്ചുപറഞ്ഞ ദൂതന്റെ വാക്കുകൾക്ക് മുമ്പിൽ ഇതാ ഞാൻ കർത്താവിന്റെ ദാസി എന്നു പറഞ്ഞുകൊണ്ട് തന്നെത്താൻ സമർപ്പിച്ച ഒരു പാവപ്പെട്ട പെൺകുട്ടിയാണ്. ദൈവം പറയുന്ന ദൂതിന്റെ മുമ്പിൽ സമർപ്പിക്കുവാൻ താൽപര്യമുള്ളവരെ ഇന്നു കർത്താവ് ശ്രദ്ധിക്കുന്നു. ഒരു കാലഘട്ടം അവരെ ലോകം അംഗീ കരിച്ചില്ലെങ്കിലും, ദൈവം പറഞ്ഞിട്ടാണ് അവർ അതെല്ലാം ചെയ്തത് എന്ന് തിരിച്ചറിഞ്ഞ്, അംഗീകരിക്കുന്ന ഒരു ദിനം ഉണ്ട് എന്ന് മറക്കരുത്. യേശുവിന്റെ അമ്മയായ മറിയയെ നാം ആരാധിക്കുവാനോ അവരോട് പ്രാർത്ഥിക്കുവാനോ നമുക്കനുവാദം ദൈവം തന്നിട്ടില്ല. എന്നാൽ അവരെ ആദരിക്കുന്നതിലും ബഹുമാനിക്കുന്നതിലും തെറ്റില്ല. യേശു തന്റെ പരസ്യശുശ്രൂഷയുടെ തിരക്കുകളിൽ പലപ്പോഴും അമ്മയോട് സംസാരിക്കുവാൻ സമയം എടുത്തില്ല എന്ന് തോന്നാം. അമ്മ പുറത്തുവന്നുനിൽക്കുന്നു എന്ന് അറിഞ്ഞിട്ടും കാണാൻകൂട്ടാക്കാതിരുന്ന സന്ദർഭങ്ങളും നാം വായിച്ചിട്ടുണ്ട്. എന്നാൽ ഒരിക്കൽ പോലും പരാതി പറയാതെ മകനെ ദൈവഇഷ്ടത്തിനുവേണ്ടി വിട്ടുകൊടുത്ത ആ സ്ത്രീയെ ലോകം ആദരിക്കേണ്ടതല്ലേ? കാനാവിലെ വിവാഹവീട്ടിലല്ലാതെ ഒരു സ്ഥലത്തുപോലും മകന്റെ മേൽ തനിച്ചുള്ള അധികാരം ഉപയോഗിക്കാതെ, യേശുവിനെ അനുഗമിച്ച സ്ത്രീകളുടെ കൂട്ടത്തിലും ക്രൂശിന്റെ ചുവട്ടിലെ സ്ത്രീകളുടെ കൂട്ടത്തിലും പിന്നീട് മാളിക മുറിയിൽ കൂടി ഇരുന്നവരുടെ നടുവിലും ഒക്കെ തന്നെ നാം കാണുന്നു. ഒരിക്കൽപോലും യേശുവിനെ കുറ്റം പറയുകയോ മാതാവെന്ന നിലയിൽ തനിക്ക് വേണ്ട ഉത്തരവാദിത്വങ്ങൾ നിവർത്തിക്കാത്തതിൽ നീരസപ്പെടുകയോ ചെയ്യുന്നതായി നാം കാണുന്നില്ല.

പിതാവിന്റെ അടുക്കൽ നിന്നും ദൈവിക ദൗത്യത്തിനായി തന്റെ ഉദരത്തിലേക്ക് വന്ന ദൈവപുത്രനായ ക്രിസ്തു വിനെ ഉൾക്കൊള്ളേണ്ടതുപോലെ ഉൾക്കൊള്ളുവാൻ ആ അമ്മയ്ക്ക് കഴിഞ്ഞു. സ്വർഗ്ഗത്തിലെ തന്റെ പിതാവിന്റെ ഹിത പ്രകാരം താൻ ഭൂമിയിലേക്ക് വന്ന്, ദൈവഹിതമായ ക്രൂശിലൂടെ പിതൃസന്നിധിയിലേക്ക് മടങ്ങിപ്പോകുമ്പോൾ ക്രൂശിന്റെ ചുവട്ടിൽ നിന്നവരുടെ നടുവിൽ ഏറ്റവും വേദനിക്കുന്ന തന്റെ മാതാവിനെ യേശു മറന്നില്ല. തന്റെ വേദനയുടെ നടുവിലും, താൻ സ്വന്തമാതാവിനെക്കുറിച്ച് ഉത്തരവാദിത്വം ഉള്ളവനായിരുന്നു. ആ അമ്മയെ ഏറ്റവും ഉചിതമായ സ്ഥലത്ത് ഏൽപ്പിച്ചുകൊടുത്തു.



ഷീലാ ദാസ്

സെബദി മക്കളിൽ ഒരുവനും യേശു ഏറെ സ്നേഹിച്ചത് തന്നെയാണെന്ന് അവകാശപ്പെടുന്നതുമായ യോഹന്നാനെ തന്റെ മാതാവിനെ ഏൽപിക്കുവാൻ തക്കവിശ്വാസം യേശുവിനുണ്ടായിരുന്നു. സ്വന്തം അമ്മയോടൊപ്പം യേശുവിന്റെ അമ്മയെയും വീട്ടിൽ കൈക്കൊള്ളുവാൻ മടിക്കാതിരുന്ന യോഹന്നാന്റെ യഥാർത്ഥസ്നേഹം യേശുവിന് നേരത്തേ അറിയാമായിരുന്നതുകൊണ്ടാണ്, അവനെത്തന്നെ ഏൽപ്പിച്ചത്. ഇന്ന് യേശുവിന് ഏറെ പ്രിയപ്പെട്ട ചിലതിനെ നമ്മെ ഏൽപ്പിക്കുവാൻ തക്കവിധം നാം യേശുവിനെ സ്നേഹിക്കുന്നവരോണോ? അത്യാവശ്യസന്ദർഭങ്ങളിൽ മറ്റു ചിലരെ സഹായിപ്പാൻ, ദൈവം നമ്മോടു ആവശ്യപ്പെടാത്തനിലയിൽ നാം ദൈവസന്നിധിയിൽ വിശ്വസ്തനെന്ന് യേശുവിന് തോന്നിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഈ ദിനങ്ങളിൽ നമ്മെ ദൈവം ചിലത് ഏൽപ്പിക്കും എന്നും വിശ്വസിക്കാം.

യേശുവിന്റെ അമ്മയായിരുന്ന മറിയയിൽ നിന്നും നമുക്കൊരുപാട് പാഠങ്ങൾ പഠിക്കാൻ കഴിയും. സ്വന്തജീവി തത്തെ വിലയേറിയതായി കാണാതെ ദൂതിന്റെ മുമ്പിൽ ദൈവകരങ്ങളിലേക്ക് എറിഞ്ഞുകൊടുക്കാൻ തയ്യാറായ ആ മാതൃവനിതയുടെ മുമ്പിൽ സ്വന്തം പുത്രൻ ക്രൂശുമരണം വഹിച്ചപ്പോൾ, സ്വന്തപ്രാണൻ വാളിനാൽ തകർന്നുപോകുന്ന അനുഭവം ഉണ്ടായെങ്കിലും, യേശു ആരാണെന്നറിഞ്ഞ്, അവനെ മകൻ എന്നതിലുപരി, ദൈവപുത്രനായി കാണുവാൻ തയ്യാറായ ആ ധീരവനിതയെ നമുക്കൊരു മാതൃകയാക്കാം. യേശുവിനെ നിയന്ത്രിക്കാതെ, യേശു പറഞ്ഞ വഴിയിലൂടെ യാത്ര ചെയ്യാൻ തയ്യാറായ അമ്മ, അമ്മയ്ക്കുള്ള പദവി അറിഞ്ഞുകൊണ്ടുതന്നെ, പുത്രനെ ബഹുമാനിക്കുന്നതിൽ കുറവുവരുത്താത്ത ആ അമ്മയെ നമുക്കും അനുഗമിക്കാം.യേശുവിന്റെ അമ്മയായ മറിയയെ നമുക്ക് ആരാധിക്കുവാനോ അവരോട് പ്രാർത്ഥിക്കുവാനോ നമുക്കനുവാദം ദൈവം തന്നിട്ടില്ല.



# SALVATION TO MATURITY

*EMOTIONAL CONTROL IS ESSENTIAL FOR A CHARMING PERSONALITY. PATIENCE IS BETTER THAN VIOLENT REACTIONS. I FACED MANY EMBARRASSING SITUATIONS DUE TO BURST OUT AND ANGRY REACTIONS. KEEP A CALM AND STRESS FREE POSTURE TO SMILE ON DIFFICULT SITUATIONS.*



Shiju John Samuel

(Landway News Associate Editor)

In the New Testament, the term “salvation” is especially used to refer to the great deliverance from the penalty of sin, which is eternal death (Romans 6:23). Salvation brings spiritual life. It establishes the believer's new relationship with God. The relationship with God established by salvation is the basis for all subsequent Christian living and growing.

Bible strictly teaches that each individual believer is to go beyond salvation and aim for complete Christian maturity. Paul taught with the goal of presenting everyone "perfect in Christ" (Colossians 1:28). He also said that believers, members of the body of Christ are to build each other up "until we all ... become mature, attaining to the whole measure of the fullness of Christ" (Ephesians 4:13). Paul was not satisfied to stop with salvation. Rather, he worked toward the goal of guiding every individual toward complete Christlikeness. At one point Paul even expressed more concern for building up Christians than he did for preaching the gospel to non-believers. Even when there were still many localities to be reached with the gospel, Paul said to Barnabas, "Let us go back and visit the brothers in all the towns where we preached the word of the Lord and see how they are doing" (Acts 15:36).

The word "mature" is commonly used in two different ways. Sometimes it is used in an ultimate sense, sometimes in a current sense. Maturity in the ultimate sense would refer to an individual only when he has "arrived" at the final destination. Maturity in the current sense would refer to any individual who is "on schedule" right now, implying that there is a fixed sequence or schedule which each person must follow. Since there is a relatively fixed sequence of physical and mental development in the child, it is possible to speak of a one-year-old as mature because he can walk, a two-year-old as mature because he can talk in simple sentences, and a six-year-old as mature because he can read. (Of course, neither the one, two, nor six-year-old is mature in the ultimate sense.) But there is no fixed sequence or set schedule for spiritual development, so it is better to use the word "mature" only in the ultimate sense when talking about spiritual growth. We will refer to the ultimate destination of spiritual growth as "complete Christian maturity."

No one ever reaches complete Christian maturity in this life. Complete Christian maturity is spiritual perfection, and no one is able to maintain sinlessness in this life (1 John 1:8-10). But even though the ultimate goal is out of reach in this life, sub goals are within reach, and growth toward these sub goals is to be the Christian's daily occupation.

In a single word, complete Christian maturity is Christlikeness. In order better to visualize Christlikeness, and to apply the concept to our lives, we need a much more specific description. The characteristics of Christlikeness are listed below will help us to understand the things better

**1. In relation to God:**

- sincere worship of God
- deep love toward God
- submission to God in all aspects of life
- yielded to the Holy Spirit
- desire to be like Christ
- continual earnest prayer and thankfulness
- immediate confession of sins

**2. In relation to the Bible:**

- conviction that the Bible is God's Word
- rich knowledge of the Bible
- able to feed oneself from the Bible
- regular Bible study
- applies the Bible to one's daily life

**3. In relation to sin and Satan:**

- sensitive to sin, recognizes evil
- hates sin and Satan and desires to live apart from sin, Satan, and worldly affairs
- resists temptation; abstains from all forms of evil

**4. In relation to oneself:**

- wholesome thought life
- takes good care of one's body
- honest acceptance of oneself
- humility, joy, peace
- self-control; self-discipline

**5. In relation to all other Christians:**

- unity of Spirit
- understanding and empathy
- love, humility, gratefulness, patience, forgiveness, kindness ,honest
- not envious
- no evil speaking against fellow believers; no grumbling
- prays for fellow believers
- is genuine (is oneself, does not put on a spiritual front)
- a good example
- respects the weaker brother
- does not falsely judge the stronger brother
- faithful in gathering with other Christians
- unselfish; shares
- bears others' burdens
- restores those overtaken in sin

**6. In relation to service:**

- knows one's own spiritual gifts
- faithful in using one's gifts to serve others
- Spirit empowered; fruitful
- does all for the Lord's glory
- good steward of one's time and abilities
-

**7. In relation to non-Christians:**

- love and burden for the lost (neighbors, fellow workers, school friends, etc.)
- consistent witness to the lost in life and word
- personal involvement in missions
- not slothful in business
- owes no man anything except love

**8. In relation to one's family:**

- if child or youth, obeys parents
- if husband, loves and cares for wife
- if wife, loves and submits to husband
- if parent, raises children to fear and obey the Lord

**9. In relation to the events of life:**

- faces life realistically
- faces a crisis spiritually minded
- proper perspective (not here and now, but God's will and the end result)
- rejoices in suffering
- not regularly discouraged or anxious

**10. In relation to civil affairs:**

- cooperates in civil affairs
- subject to government and civil laws
- prays for civil leaders

**11. In relation to things:**

- does not love things in themselves
- proper use of things (moderation)
- a good steward of one's money

We can use this list as a checklist to discover the areas of our lives that need improvement. Of course, all Christians need to grow in all areas, but the purpose of such a checklist would be to identify the few areas that are most urgent. Growth is most likely to occur when we focus our attention on one area at a time.

The same process can be used when we are helping another Christians to grow. Since all ministries are aimed at meeting needs, we must have a clear idea of the above goal, or standard, in order to identify a person's needs. Then, by concentrating on his most urgent need we can help him grow in that area.

Obviously, if the other person is not a Christian he needs to accept Christ. If he is already a Christian he needs to strive to become more like Christ in every area of his life. His understanding of the teachings of the Bible must grow. His consistency in applying those teachings must increase. He must learn to share his new life with others .As his disciple, teacher, pastor, or friend we can help him become aware of his needs and encourage his growth in one area after another. In short, we need to grow more and more mature, more and more like Christ.

വിസിറ്റിംഗ് വിസ

സൗദി അറേബ്യ, ഖത്തർ, ദുബായ്, കുവൈത്ത്, മസ്കറ്റ്, ബഹ്റിൻ, സിംഗപ്പൂർ & മലേഷ്യ, ബ്രൂണ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും തൊഴിലന്വേഷിക്കുന്നതിനും വിസിറ്റിംഗ് വിസകൾക്കും സമീപിക്കുക

GLOBAL CARE TRAVEL SERVICES ESTD 1998



2nd Floor, 17/1246 C2, Pathoor Tower,
Puthiyara road, Stadium Junction, Calicut - 4
Phone: 0495-2720881, 0495 4010970, Mobile: +91 9447040281
Email: globalcalicut@gmail.com, globalcareccj@gmail.com




AMERICA

## President Trump Picks Pro-Life Champion Sam Brownback as International Religious Freedom Ambassador



The White House announced the nomination of Kansas Governor Sam Brownback to serve as Ambassador at Large for International Religious Freedom — a key post within the State Department to defend international human rights and speak up on behalf of persecuted religious groups worldwide.

Prior to his six years serving as the Governor of Kansas, Brownback served fifteen years in Congress advocating on behalf of both religious freedom and pro-life issues.

"Sam has always been called to fight for those of all faiths," stated Kanas Senator Pat Roberts, who took over Brownback's seat in the U.S. Senate. "I am glad he has been given an opportunity to answer this call. I wish Mary and him all the best in this new chapter of their public service."

Matt Lockett, executive director of Bound4LIFE International in Washington, D.C., has known Brownback for over a decade. He expressed support for the incoming ambassador, stating: "I applaud President Trump for this brilliant and inspired appointment. For years we watched in pride as Sam Brownback served in the United States Senate and brought the highest level of integrity and statesmanship to his work."




ASIA – INDIA

## Aadhaar card is not required for NRI's



'The widespread confusion over Aadhar cards for Non-Resident Indians is unwanted' and Indian expatriates on vacation in their home country are not required Aadhaar for any official work- clarified Ajay Bhushan Pandey, the CEO of the Unique Identification Authority of India (UIDAI). Many NRI parents complained that schools and colleges sought Aadhaar cards for admission of their children.

"Non Resident Indians (NRI) are exempt from obtaining Aadhaar cards. These are only for Indians residing in the country and not for those living abroad. Resident Indians are considered as those living at a stretch in the country for 182 days, or six months of the year, said the official. Circulars have been sent to all government departments, banks and education institutions, that NRIs are exempt. Moreover, the Aadhaar charter refers to 'resident Indians', not expats. " The citizens' charter of the Aaadhaar Act of 2016 is clear. It refers only to citizens who have "resided in India for a period or periods amounting in all to 182 days or more in the 12 months immediately preceding the date of application for enrollment". This means that if an NRI has been living in the India for six months, he or she must apply for an Aadhaar for banking and other work. Those Indians on a short vacation in their home country do not need a card.

EUROPE

## European court verdict on refugee crisis



In a landmark judgement on Refugees seeking asylum in European countries, European Court ofJustice ruled that refugees must seek asylum in the first country they reach.

The court issued the verdict on a case brought by Austria and Slovenia, relates to migrants who arrived during the crisis of 2015-16. The judgement will have far reaching consequences as it affects the prospects of thousands of refugees who entered Europe after the Syrian civil war.

The European Union's top court upheld the Dublin Regulation, which states that refugees must seek asylum in the first place they reach.

Two Afghan families and a Syrian, who had first arrived in the EU via Croatia, had argued that they had exceptional circumstances for applying for asylum in neighbouring Slovenia. Austria and Slovenia had decided to send the asylum seekers back to Croatia. Italy and Greece have to bearthe burden of refugees as majority of refugees' first land in these countries before heading to other European countries.

UAE

## Indians the highest money senders from U.A.E




Dubai: Indians in U.A.E made the highest money remittance to their families and dependents. Followed by India, China, Philippines and Pakistan Asia remain the biggest beneficiaries of money sent home by expatriates working in the UAE. Foreign workers from Asian countries constitute a huge part of the expatriate population in the UAE.A new report out this month from the United Nations International Fund for Agricultural Development (IFAD) showed that India took home the crown as the top-receiving country for earnings made by migrants, recording a total of $62.7 billion (Dh230 billion) in wire transfers from abroad.India emerged as the number one beneficiary of funds sent by expats from the UAE. The total amount of cash sent from the UAE is estimated to reach around Dh70 billion annually.

The money sent home by expats is usually used by their dependents to buy food, medicines or pay for school expenses and better housing.

പാട്ടിന്റെ വഴി

**വോൾബ്രിറ്റ് നാഗൽ**



# സമയമാം രഥത്തിൽ...

''സ്വർഗ്ഗഭാഗ്യം എത്രയോഗ്യം ആർക്കു വർണ്ണിക്കാം...''
''എൻ രക്ഷകാ എൻ ദൈവം നിന്നിലായ നാൾ ഭാഗ്യമോ...''

മലയാള നാടിന് വിശിഷ്യാ ക്രിസ്ത്യാനികൾക്ക് മറക്കാനാവാത്ത മഹൽ വ്യക്തിയാണ് വി. നാഗൽ സായിപ്പ്. പതിനെട്ടാമത്തെ വയസ്സിൽ ക്രിസ്തുവിലായി ആത്മരക്ഷയുടെ സന്തോഷം സ്വായത്തമാക്കിയ അതുല്യ വ്യക്തിയായി രുന്നു നാഗൽ സായിപ്പ് ജർമ്മനിയിലെ ഹേസ്സൽ എന്ന സ്ഥലത്തു ജനിച്ചു. ദൈവഭക്തിയുള്ള മാതാപിതാക്കളാൽ വളർത്തപ്പെട്ടു. ബുദ്ധിമാനും, സമർത്ഥനുമായ വിദ്യാർത്ഥിയായിരുന്നു നാഗൽ. ചെരുപ്പുകുത്തിയായ ഒരു സഞ്ചാര സുവിശേഷകന്റെ പ്രസംഗം കേട്ട് നാഗൽ ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ചു.

1867 നവംബർ 3-ാം തീയതി ജനിച്ച നാഗൽ വൈദീകനാകുവാൻ ആഗ്രഹിച്ച് സ്വിറ്റ്സർലണ്ടിലെ ബാസൽ ലൂഥറൻ സെമിനാരിയിൽ ചേർന്ന് പഠിച്ചു. 1893 -ൽ 26 ാമത്തെ വയസ്സിൽ വൈദീകനായിത്തീർന്നു. ഇരുളടഞ്ഞ ഇൻഡ്യയ്ക്ക് ലോകത്തിന്റെ വെളിച്ചമായ ക്രിസ്തുവിനെ നൽകുവാൻ ഇൻഡ്യയിലേക്ക് യാത്രതിരിച്ചു. 1893 ഡിസംബറിൽ കണ്ണൂരിലെത്തിയത് കേരളത്തിന് അനുഗ്രഹമായി.

ഹെബിക് സായിപ്പിന്റെ പിൻഗാമിയായി ബാസൽ മിഷന്റെ മിഷനറിയായി പ്രവർത്തിച്ചു. ഒരു സ്ഥലത്തോ സഭയിലോ ഒതുങ്ങി നിൽക്കാതെ സ്വാതന്ത്ര്യമായി പ്രവർത്തിപ്പാൻ ആഗ്രഹിച്ച് മിഷൻ പ്രവർത്തനം ഉപേക്ഷിച്ചു. കാളവണ്ടിയിൽ യാത്ര ചെയ്ത് കുന്നംകുളത്തുവന്നു. 1897 ഏപ്രിൽ മാസത്തിൽ മിസ് ഹാരിയറ്റ് മിച്ചൽ എന്ന ആംഗ്ലോ ഇൻഡ്യൻ വനിത സഹധർമ്മിണിയായിത്തീർന്നു. അദ്ധ്യാപികയായ ഭാര്യയുമൊത്ത് ബ്രദറൺ മിഷണറി ഹാൻലി ബേർഡിന്റെ കീഴിൽ സ്നാനമേറ്റു. കുന്നംകുളം, വടക്കൻ പരവൂർ, തൃശൂർ, കുമ്പനാട് തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിച്ചു.

ലളിതവും അർത്ഥഗംഭീരവുമായ ഭാഷാശൈലിയിൽ മലയാളം പഠിച്ച് പ്രസംഗിക്കുകയും അനുഗൃഹീത ഗാനങ്ങൾ രചിക്കുകയും ചെയ്തു. ഇന്നും പുതുമ നഷ്ടപ്പെടാതെ അനേകായിരങ്ങൾ എപ്പോഴും പാടി സന്തോഷിക്കുന്ന 100 -ൽ പരം ഗാനങ്ങൾ അദ്ദേഹം ക്രൈസ്തവ ഗാനകൈരളിക്ക് സമ്മാനിച്ചു. അവയെല്ലാം പ്രഭവിതറും രത്നങ്ങളായി ഇന്നും ശോഭിക്കുന്നു. ''പാപക്കടം തീർക്കുവാൻ യേശുവിൻ രക്തം മാത്രം...'' എന്ന് വിവർത്തനം ചെയ്ത ഗാനത്തിന്റെ പശ്ചാത്തലം ഇവിടെ ചേർക്കുന്നു.

ഏകദേശം 35 വയസ്സുള്ള നാഗൽ സായിപ്പ് ഒരു യുവാവിനെ വഴിയിൽ കണ്ടുമുട്ടി ആത്മപ്രേരണയാൽ സുവിശേഷം പറഞ്ഞു. ആ യുവാവ് ഇപ്രകാരം പരിചയപ്പെടുത്തി. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട് ജയിലിൽ നിന്നും പരോളിൽ താൻ ഇറങ്ങിയതാണെന്നും അടുത്തദിവസം വീണ്ടും ജയിലിലേക്ക് മടങ്ങേണം എന്നും പറഞ്ഞു. മിഷനറി സൗമ്യമായി സ്നേഹനാഥനും, പാപത്തിന് പരിഹാരം വരുത്തിയവനുമായ യേശു നാഥനെക്കുറിച്ചുള്ള ദൂത് അറിയിച്ചു. യുവാവ് തന്നെ യേശുവിനായ് സമർപ്പിച്ചു. പാപം ഏറ്റുപറഞ്ഞു രക്ഷിക്കപ്പെട്ടു. വീണ്ടും ജയിലിലേക്ക് പോയി. വധശിക്ഷയുടെ ചില ദിവസം മുമ്പ് യുവാവിന്റെ ആഗ്രഹപ്രകാരം അനുവദിച്ച രണ്ടുദിവസത്തെ പരോളിൽ യുവാവ് മിഷനറിയുടെ അടുക്കൽ വന്നു. വിശ്വാസസ്നാനം സ്വീകരിച്ചു. വീണ്ടും ജയിലിലേക്ക് പോയി. പിറ്റേദിവസം രാവിലെ ജയിലിലേക്ക് ചെന്ന് മിഷനറി ആ സഹോദരനെ സന്തോഷവാനായി കണ്ടു. ഇരുവരും അൽപസമയം ചിലവിട്ടു. ഈ സമയം പരിശുദ്ധത്മാവിൽ മിഷനറി ഈ വരികൾ പാടി ണവമേ രമി ംമവെ മംമ്യ ്യ മ്മേശി... പ്രസിദ്ധമായ ഈ അനുഭവഗാനത്തിന്റെ മലയാള പരിഭാഷയാണ്... ാപക്കടം തീർക്കുവാൻ യേശുവിൻ രക്തം മാത്രം...

റോബർട്ട് ലോറി 1876 -ൽ എഴുതിയ പ്രസിദ്ധ ഗാനം മലയാളത്തിൽ നാഗൽ സായിപ്പ് പാടിയത്. തൂക്കുമരത്തിന്റെ ചുവട്ടിൽ തൂക്കുകയർ മുമ്പിൽ കണ്ടിട്ടും, നിരാശയോ, ഭയമോ, ഇല്ലാതെ ആ യുവാവ് നിന്നു. വടക്കൻ പറവൂർ ജയിൽ പരിസരം ദേശവാസികളാൽ നിറയപ്പെട്ടിരിക്കുന്നു. ചിരിച്ച് പാപക്കടം യേശുവിൻ രക്തത്താൽ തീർന്നുപോയി എന്നു പാടിക്കൊണ്ട് തൂക്കുകയറിൽ ആ യുവാവിന്റെ ലോകവാസം അവസാനിപ്പിച്ചു. എന്നാൽ നിത്യതയുടെ തീരത്ത് തന്നെ കാണും എന്ന ഉറപ്പോടെ, പ്രത്യാശയോടെ നാഗൽ സായിപ്പ് തിരിച്ചുപോരുന്നു. പറവൂർ ജയിലിലെ സംഭവങ്ങൾ നാഗൽ സായിപ്പിനെ വളരെ ചിന്തിപ്പിച്ചു. സുവിശേഷദൗത്യത്തിൽ മറ്റൊരു ചുവടുവയ്പ്പിന് ആ സംഭവം കാരണമായി തീർന്നു.

ജയിലറകളിൽ അടയ്ക്കപ്പെട്ടവരുടെയും ആത്മാവിന്റെ വില വലുതാകയാൽ അവരുടെ അടുക്കൽ പോയി സുവിശേഷം പറയാൻ ആഗ്രഹിച്ചു. ജയിൽ അധികാരികളിൽ നിന്നും അതിനുള്ള അനുമതി തേടി. ഇന്ന് അനേക സംഘടനകൾ ജയിലുകളിൽ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും ആദ്യത്തെ ജയിൽ പ്രവർത്തകൻ നാഗൽ സായിപ്പാണ്. സർക്കാരിൽ നിന്നും തനിക്ക് അതിന്റെ ബഹുമതിപത്രവും ലഭിച്ചിട്ടുണ്ട്. സഹപ്രവർത്തകരായ വറിയത് ചാക്കോ നമ്പിയത്ത്, വറിയത് തോമ വെള്ളത്തികുളം, ജോർജ്ജ് ശിരസ്താർ, എ.പി. മാത്തുണ്ണി എന്നിവരും ചേർന്ന് പ്രവർത്തിച്ചിരുന്നു. ചില കുലപ്പുള്ളികളും, മറ്റ് കേസ്സുകളിൽ പിടിക്കപ്പെട്ടവരും ക്രിസ്തുവിനെ അറിഞ്ഞപ്പോൾ മഹാസന്തോഷമുള്ളവരായി തീർന്നു. ആ സന്തോഷം കണ്ടു നിന്ന സായിപ്പ് എഴുതി ''നാശമാകുന്ന ഏവർക്കും ഭാഗ്യ യോവേൽ വത്സരം ഘോഷിപ്പീൻ'' ചെല്ലുവിൻ കാരഗൃഹേ, മോചനം സ്വാതന്ത്ര്യം, ദുഷ്ടനെ രക്ഷിപ്പാൻ, പാപഭാരം മാറ്റാൻ, സൃഷ്ടിയെല്ലാം പാടട്ടെ ക്രിസ്തുവിൻ സ്വാതന്ത്ര്യം. കേൾക്ക കേൾ ഓർ കാഹളം...എന്ന ഗാനം പിറന്നു.

സമയമാംരഥത്തിൽ ഞാൻ... ഇംഗ്ലീഷുകാരൻ സായിപ്പ് മലയാള ഭാഷയിൽ തന്നെ എഴുതിയി പതിനേഴ് ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ട അനുഗ്രഹഗാനമാണിത്. ഓരോ ദിവസം പിന്നിടുമ്പോഴും യാത്രയുടെ ദൂരം കുറഞ്ഞു എന്ന് എല്ലാവരും ഗ്രഹിച്ച് എപ്പോഴും പാടാവുന്ന ഗാനമാണിത്.

പക്ഷേ നിർഭാഗ്യം എന്നും പറയുംപോലെ സിനിമാസംവിധായകൻ നിർമ്മിച്ച അരനാഴികനേരം എന്ന സിനിമയിൽ ശവമഞ്ചം കൊണ്ടുപോകുന്ന രംഗത്ത് അവതരിപ്പിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടത് ഈ ഗാനമാണ്. അന്നുമുതൽ അങ്ങനെയുള്ള സന്ദർഭത്തിൽ മാത്രംപാടുന്ന പാട്ടായി ഇത് തീർന്നു.

നിത്യമായ വാസസ്ഥലത്തെക്കുറിച്ച് വ്യക്തമായ ദർശനം പ്രാപിച്ച നാഗൽ സായിപ്പ് ഇപ്രകാരം വർണ്ണിച്ചു. മഹാവിശേഷമായ സ്ഥലം. ദൈവപറുദീസയിലെ ജീവവൃക്ഷം ഇവയെല്ലാം വെളിപാടു ഗ്രന്ഥത്തിൽ നിന്നും ഗ്രഹിച്ച പ്പോൾ, ആ ദേശത്ത് എല്ലാവരും എത്തണം എന്ന ആശയോടെ, ആഹ്വാനത്തോടെ എഴുതിയ ഗാനമാണിത്. ഓരോ വരികലും നമ്മെ നിത്യതയോട് അടുപ്പിക്കുന്നതാണ്. 1914 -ൽ സ്വദേശസന്ദർശനത്തിനായി ജർമ്മനിയിലേക്ക് പോയ മിഷനറി വര്യൻ കുഞ്ഞുങ്ങളുമായി അവിടെ എത്തിയശേഷം ഒന്നാം ലോക മഹായുദ്ധം ആരംഭിച്ചു. തൻനിമിത്തം മടങ്ങിവരാൻ കഴിയാതിരുന്നു. ഇതിനിടയിൽ രോഗബാധിതനായി കിടപ്പിലായി. ഇൻഡ്യയിലായിരുന്ന സഹധർമ്മിണിയും ജർമ്മനിയിലെത്തി. അദ്ദേഹത്തെ ശുശ്രൂഷിച്ചു. 1921 മെയ് 21 -ാം തീയതി പ്രത്യാശയുടെ ഗാനം പാടിക്കൊണ്ട് നിത്യതുറമുഖത്തേക്ക് യാത്രയായി.

## ബൈബിൾ ക്വിസ് - ജൂലൈ 2017

**ക്വിസ് മാസ്റ്റർ: പാസ്റ്റർ പി.ഡി. ജോസഫ്, ഐ.പി.സി. ഹെബ്രോൻ ടൗൺ ചർച്ച്, പന്തളം**

**സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്നത്: ഒന്നാം സമ്മാനം • ബ്ലെസ്സി ജോസഫ്, രണ്ടാം സമ്മാനം • പാസ്റ്റർ സി. ജോൺ, ന്യൂഡൽഹി**

**മത്തായി 11 മുതൽ 20 വരെയുള്ള അദ്ധ്യായങ്ങൾ**

1. സ്വർഗ്ഗത്തോളം ഉണർന്നിരിക്കുവോ എന്ന് ചോദിച്ചിരിക്കുന്നത് ഏത് ദേശത്തോടാണ്?.
2. ന്യായവിധി ദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടി വരുന്നത് എന്തിനുവേണ്ടി?.
3. നല്ല വിത്തു വിതയ്ക്കുന്നവൻ ആര്?
4. തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കുന്നത് ആര്?
5. യേശുവിന്റെ അടുക്കൽ ചെല്ലുവാൻ വെള്ളത്തിന്മേൽ നടന്നത് ആര്?
6. വേരോടെ പറിഞ്ഞുപോകുന്നത് എന്ത്?
7. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നു പറഞ്ഞത് ആര്?
8. ചതുർദ്രഹ്മപ്പണം കാണും എന്നു പറഞ്ഞത് എവിടെ?
9. സഹോദരൻ പിഴെച്ചാൽ അവനു ബോധം വരുത്തണ്ടിയത് എപ്പോൾ?
10. യേശു തന്റെ അടുക്കൽ വിടുവാൻ പറഞ്ഞത് ആരെ?

**2017 ജൂലൈ മാസത്തിലെ ശരി ഉത്തരങ്ങൾ**

1. നാൽപ്പത് (മത്തായി 1:17), 2. നസറേത്ത് (മത്തായി 2:23), 3. വൃക്ഷങ്ങളുടെ ചുവട്ടിൽ (മത്തായി 3:10), 4. യാക്കോബും യോഹന്നാനും (മത്തായി 4:21, 22), 5. യറുശലേം (മത്തായി 5:35), 6. നിന്റെ നിക്ഷേപമുള്ള ഇടത്ത് (മത്തായി 6:21), 7. കള്ള പ്രവാചകന്മാർ (മത്തായി 7:15), 8. പുറത്തുള്ള ഇരുട്ടിൽ (മത്തായി 8:12), 9. കോടിതുണി കണ്ടം പഴയതിൽ ചേർത്ത് തുന്നുമ്പോൾ (മത്തായി 9:16), 10. വീട്ടുകാർ (മത്തായി 10:36).

**നറുക്കെടുപ്പിലൂടെ സമ്മാനം ലഭിച്ചവർ:**

*ഒന്നാം സമ്മാനം*: Babu Paul, Baby Cottage, Parakodu, Adoor.

*രണ്ടാം സമ്മാനം:* David Thomas, Panachayi, Manganam, Kottayam.

**ശരി ഉത്തരം അയച്ചവർ**: 1). Mariyamma Thomas, Mundakkalillathu, Nariyapuram P.O. 2). Raji Joy, Baby Sadanam , Karunagappally. 3). Betsy Mathai, IPC Hebron, Cherthala. 4). Sam Joy, AG Church Mynagappally. 5). Binu K, Mallathu Ebenezer, Pannimatto. 6). Joice Jacob, IPC Prayer Hall Thalippadam, Nambooripotty (P.O), 7). Babu Paul, Baby Cottage, Parakodu, Adoor. 8). Kamalamma Sadasivan, Kaniyathu House, Karimanam, Malappuram. 9). David Thomas, Panachayi, Manganam, Kottayam.

**നിബന്ധനകൾ**

1. എല്ലാ മാസവും 25-ാം തീയതിയ്ക്കു മുമ്പ് ശരിയുത്തരം ലാൻഡ്‌വേ വിലാസത്തിലോ, ഈ മെയിലിലോ, എസ്.എം.എസിലോ (9447440441) കിട്ടിയിരിക്കണം. 2. വിജയിയെ നുറുക്കെടുപ്പിലൂടെ കണ്ടുപിടിക്കും. 3. വിജയികളുടെ പേരും, സമ്മാനാർഹരുടെ പൂർണ്ണ വിലാസവും ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്. 4. ഏതു പ്രായക്കാർക്കും ക്വിസിൽ പങ്കെടുക്കാം. 5. മൽസരത്തെ സംബന്ധിച്ച അന്തിമതീരുമാനങ്ങൾ ക്വിസ് മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും. 6. ഉത്തരം അയയ്ക്കുന്നവർ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പറും ലാൻഡ്‌വേ അഡ്രസിൽ അയച്ചിരിക്കണം. ഫോൺ നമ്പർ ഇല്ലാത്ത ഉത്തരപേപ്പറുകൾ സ്വീകരിക്കുന്നതല്ല. 7. റഫറൻസുൾപ്പെടെ ഉത്തരം മാത്രം എഴുതുക. 8. വിജയിയുടെ ഫോട്ടോ അയച്ചു തന്നാൽ പേരും വിലാസവും ഫോട്ടോയും പ്രസിദ്ധീകരിക്കുന്നതായിരിക്കും. 9. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനം നല്കുന്നതാണ്. ഏതു സമയത്തും ഈ പാരിതോഷികത്തിനു മാറ്റം വരാവുന്നതുമാണ്.

# മരുന്നില്ലാതെ കൊളസ്ട്രോൾ കുറക്കാൻ കഴിയും

LANDWAY HEALTH TIPS





ശരീരത്തിലെ ധമനികളിൽ കൊഴുപ്പ് അടിഞ്ഞു കൂടി ഹൃദയത്തിലെ രക്തപ്രവാഹം നിലപ്പിച്ച് ഹൃദയാഘാതമടക്കമുള്ള രോഗങ്ങൾ വരുത്തിവയ്ക്കാൻ കൊളസ്ട്രോൾ എന്ന വില്ലന് കഴിയും. പാർശ്വഫല ങ്ങളില്ലാത്ത ചികിത്സാ പ്രകൃതിദത്തമായ രീതിതന്നെയാണ് എന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. എന്തൊക്കെ യാണ് എന്ന് ചുരുക്കമായി നോക്കാം.

**1. ഓട്സ്**

എല്ലാ ദിവസവും ഒരു ചെറിയ പാത്രത്തിൽ ഓട്സ് വേവിച്ച് പാലിൽ ചേർത്തോ മറ്റു ഇഷ്ടപ്പെട്ട രീതിയിലോ കഴിക്കുന്നത് കൊളസ്ട്രോൾ തടയുവാൻ നല്ലൊരു മാർഗ്ഗമാണ്.

**2. വെളുത്തുള്ളി**

ദിവസവും കുറച്ച് വെളുത്തുള്ളി പച്ചയ്ക്ക് ചവച്ചരച്ച് കഴിക്കുന്നതും ആഹാരത്തിൽ അൽപം കൂടുത ലായി വെളുത്തുള്ളി ചേർക്കുന്നതും വളരെ നല്ലതാണ്. പക്ഷേ കടകളിൽ നിന്നും വാങ്ങിക്കുന്ന വെളുത്തുള്ളി അച്ചാർ കഴിക്കരുത്. ഇത് അപകടകാരിയാണ് എന്ന് കൂടെ അറിയിക്കട്ടെ.

**3. കറുവാപ്പട്ട**

കറുവാപ്പട്ട ഇട്ട് തിളപ്പിച്ച വെള്ളം, ഭക്ഷണത്തിൽ കറുവാപ്പട്ട ചേർത്ത് കഴിക്കുന്നതും നല്ലതാണ്. വേണമെങ്കിൽ അൽപം തേനിൽ കറുവാപ്പട്ട പൊടിയാക്കി ലയിപ്പിച്ച് കഴിക്കുന്നതും കൊളസ്ട്രോൾ അകറ്റാൻ കാരണമാകും.

**4. മുഴുവൻ മല്ലി**

മുഴുവൻ മല്ലി വെള്ളത്തിൽ ഇട്ടു തിളപ്പിച്ച് വെള്ളം കുടിക്കുന്നതും പച്ചമല്ലി വായിലിട്ടു ചവച്ച് അതിന്റെ നീര് ഉള്ളിലിറക്കുന്നതും ഉത്തമമാണ്. മല്ലി അരകല്ലിൽ വച്ച് അരച്ച് കറിക്കകത്ത് ചേർത്താൽ അത് ഗുണമുണ്ടാകുകയും ചെയ്യും. മല്ലിയില കറികളിൽ ചേർത്താൽ വളരെ ഉത്തമമാണ്.

**5. കറിവേപ്പില ഇട്ട വെള്ളം**

നാടൻകറി വേപ്പില തിളപ്പിച്ച വെള്ളത്തിൽ ഉപയോഗിക്കുന്നത് നല്ലതാണ്. വീട്ടിൽ വളർത്തിയെടുക്കുന്ന കറിവേപ്പില മാത്രമേ ഉപയോഗിക്കാവൂ. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന കറിവേപ്പില കളിൽ വിഷാംശം നിലനിൽക്കുന്നതായി പഠനങ്ങൾ വെളിപ്പെടുത്തുന്നു. ആരുടെയും കുറ്റമല്ല അത് അങ്ങനെ ചെയ്താൽ മാത്രമേ അതിന്റെ പച്ചപ്പും മറ്റും നിലനിൽക്കുകയുള്ളു. അതിനാൽ രാസപദാർ ത്ഥങ്ങൾ കറിവേപ്പിലയുടെ ഇലതണ്ടുകളിൽ വ്യാപകമായി സ്പ്രേ ചെയ്യാറുണ്ട്. അവരവരുടെ വീടു കളിൽ വളർത്തുന്നവ മാത്രം ഉപയോഗിക്കാൻ ശ്രമിക്കുക.

**6. സവാള**

സവാള മുറിച്ച് ആദ്യത്തെ 3 പോള പൊളിച്ച് കളഞ്ഞിട്ട് കഷ്ണങ്ങളാക്കി മിക്സിയിലിട്ടു ജ്യൂസാക്കി തേനിനോടൊപ്പം ചേർത്ത് കഴിച്ചാലും വളരെ നല്ലതാണ്. ഇത് അമിതമാകാനും പാടില്ല. തേൻ നല്ലതാണ്. പക്ഷേ കൂടുതലായാൽ മറ്റ് രോഗങ്ങൾക്ക് വഴിതെളിച്ചേക്കാം.

**7. ആപ്പിൾ സിഡെർ വിനാഗിരി**

ആപ്പിളിൽ നിന്നും തരംതിരിച്ചെടുത്ത സിഡെയർ വിനാഗിരി ഒരു സ്പൂൺ എടുത്ത് ചെറുചൂടുവെള്ളത്തിൽ ചേർത്ത് കുടിക്കുന്നതും നല്ലതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന ഓട്സ്, വെളുത്തുള്ളി, കറുവാപ്പട്ട, മല്ലി, കറിവേപ്പില, സവാള, ആപ്പിൾ സിഡെർ വിനാഗിരി, തേൻ, സവാള, ചൂടുവെള്ളം, പാൽ ഇവയെല്ലാം ചേർത്ത് അതാത് ദിവസങ്ങളിൽ മാറിമാറി ഉപയോഗിച്ചാൽ കൊളസ്ട്രോൾ ഒരു പരിധിവരെ പരിഹരിക്കാനും നിയന്ത്രണാധീതമാകുവാനും കഴിയും. നേരത്തെ സൂക്ഷിച്ചാൽ ഹൃദയാഘാതം പോലുള്ള മാരകരോഗത്തെ നിയന്ത്രിക്കുവാനും കഴിയും.

# ഗൾഫ് പ്രവാസം

## അവസാനിക്കുന്നോ?





**ഡഗ്ലസ് ജോസഫ്**

മലയാളികൾ ഇല്ലാത്ത ഗൾഫ് എന്ന ഭീകരയാഥാർത്ഥ്യത്തിലേക്കു നീങ്ങുകയാണ് അൻപതാണ്ടു പിന്നിട്ട മലയാളിയുടെ ഗൾഫ് പ്രവാസത്തിന് ഇത് പടിയിറക്കത്തിന്റെ കാലമാണ്. സെന്റർ ഫോർഡ് ഡവലപ്പ്മെന്റ് സ്റ്റഡീസ് തിരുവനന്തപുരം നടത്തിയ 2016 ലെ കുടിയേറ്റ സർവ്വേപ്രകാരം ഏറ്റവുമധികം മലയാളികളുള്ള യു.എ.ഇ പ്രവാസികളുടെ എണ്ണത്തിൽ നാല് ശതമാനം കുറവാണ് ഉണ്ടായത്. സൗദിയിലേക്ക് പോകുന്നവരുടെ എണ്ണം നേർ പകുതിയായി കുറഞ്ഞു. 2014 ൽ സൗദിയിലേക്ക് പോയത് 3,29,883 പേരായിരുന്നെങ്കിൽ 2016 ൽ അത് 1,65,356 ആയി കുറഞ്ഞു. 1960 ൽ മലയാളിയുടെ ഗൾഫ് കുടിയേറ്റം ആരംഭിച്ചതിനുശേഷം ഓരോ വർഷവും കൂടിക്കൂടി വന്ന പ്രവാസികളുടെ എണ്ണത്തിൽ ആദ്യമായാണ് കുറവ് കാണിക്കുന്നത്. നാട്ടിലേക്കുള്ള പണം വരവിനും കുറവ് ഉണ്ടായി. 2014 ൽ 72,680 കോടി രൂപ ഗൾഫിൽ നിന്നും പ്രവാസി മലയാളികൾ അയച്ച സ്ഥാനത്ത് 2016 ൽ 63,289ൽ കോടി ആയി കുറഞ്ഞു. വിവിധ ഗൾഫ് രാജ്യങ്ങളിലായി 24 ലക്ഷത്തോളം മലയാളികൾ ഉണ്ട് എന്നാണ് കണക്ക്. ഇവരെല്ലാം കേരളത്തിലേക്ക് തിരിച്ചു വന്നാൽ നാടിന്റെ അവസ്ഥ ആലോചിക്കാനേ വയ്യ. വിവിധ ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള വാർത്തകൾ ശുഭകരമല്ല. 2014 ലെ കണക്കു പ്രകാരം ഗൾഫിൽ നിന്നും മടങ്ങിയെത്തിയ 12 ലക്ഷത്തോളം പേർ ഇപ്പോൾ തന്നെ നാട്ടിലുണ്ട്.

**മങ്ങുന്ന ഗൾഫ് ഗ്ലാമർ**

നാട്ടിൽ രാഷ്ട്രീയ പാർട്ടിക്ക് ജയ് വിളിച്ചും അല്ലറ ചില്ലറ പണികളുമായി നടന്നിരുന്ന നെത്തോലി പോലെ ഉണങ്ങിയിരുന്ന പയ്യൻ എങ്ങനെയോ വിസ സംഘടിപ്പിച്ചു ഗൾഫിൽ പോയി. രണ്ടുവർഷത്തിന് ശേഷം നാട്ടിലേക്കുള്ള പയ്യന്റെ വരവ് വരവായിരുന്നു. ബ്രോയിലർ കോഴിപോലെ തടിച്ചുകൊഴുത്ത്, മുഖത്ത് റേബാൻ കൂളിംഗ് ഗ്ലാസ്, ഷർട്ടിന്റെ രണ്ടു ബട്ടൻസ് തുറന്ന് ഇട്ടതിനാൽ നന്നായി കാണാൻ പറ്റുന്ന കഴുത്തിൽ നിന്നും വയറുവരെ നീളുന്ന സ്വർണ്ണമാല, ഒരു കിലോമീറ്റർ അകലെനിന്നു പോലും മൂക്കിൽ തുളച്ചു കയറുന്ന അത്തറിന്റെ മണം. എയർപോർട്ടിൽ നിന്നും അംബാസിഡർ കാറിൽ രാജകീയ എഴുന്നെള്ളത്ത് കാറിനു മുകളിൽ തിക്കി നിറച്ച് സ്യൂട്ട് കേസുകൾ. പോക്കറ്റിൽ റോത്ത് മാൻ സിഗരറ്റ് പാക്കറ്റ് അങ്ങനെ ഗ്ലാമർ താരമായി ഗൾഫുകാർ നാട്ടിൽ വിലസിയ ഒരു കാലമുണ്ടായിരുന്നു.

ബ്രോക്കർമാർ നല്ല മൊഞ്ചത്തി പെണ്ണുങ്ങളുടെ കല്യാണ ആലോചനയുമായി ഗൾഫ് പയ്യന്റെ വീടിന് മുൻപിൽ ക്യൂ നിന്നിരുന്നു. 1960 കളിൽ ആരംഭിച്ച ഗൾഫ് കുടിയേറ്റം കേരളത്തെ പട്ടിണിയിൽ നിന്ന് സമ്പന്നതയുടെ പളപളപ്പിൽ എത്തിച്ചു. നാടാകെ മാറി. പഴയ ചെറ്റക്കുടിലുകളുടെ സ്ഥാനത്ത് മണിമാളികകൾ ഉയർന്നു. സൈക്കിളിൽ നിന്നും ബൈക്കും, കാറും ഒക്കെയായി. ആദ്യകാല ഗൾഫുകാർ സ്കൂൾ വിദ്യാഭ്യാസം പോലും പൂർത്തിയാക്കാത്തവർ ആയിരുന്നെങ്കിൽ അവരുടെ മക്കൾ പ്രൊഷണൽ ഡിഗ്രിക്കാരായി. നാട് നീളെ ഇംഗ്ലീഷ് മീഡിയം സ്കൂളും, ഹോസ്പിറ്റലുകളും സൂപ്പർമാർക്കറ്റുകളും വന്നു. എന്നാൽ ഇപ്പോൾ ഗൾഫുക്കാർക്ക് പഴയ ഗ്ലാമർ ഇല്ല. പണ്ട് ഗൾഫിൽ ജോലി ചെയ്യുന്ന ഒരു ഇലക്ട്രിഷ്യന് അന്നാട്ടിലെ ജില്ലാ കളക്ടറെക്കാൾ സാലറി ഉണ്ടായിരുന്നു. കാലം മാറി കഥ മാറി.

നാട്ടിൽ ദിവസക്കൂലി 600 ഉം 800 ഉം ഒക്കെയായിയി. മേസൺ, കാർപെന്റർ, പ്ലംബർ, ഇലക്ട്രീഷ്യൻ ഇവർക്കൊക്കെ ആയിരത്തിനു മേലെയായി ദിവസക്കൂലി. മേൽപ്പറഞ്ഞ ട്രേഡുകാരും, കൂലിപ്പണിക്കാരും വെയിലുകൊള്ളുന്ന അദ്ധ്വാനമുള്ള പണികൾക്കും മലയാളികൾ ഗൾഫിൽ പോകാതായി. ഗൾഫുകാർക്ക് വിവാഹകമ്പോളത്തിലും വിലയിടിഞ്ഞു. ഇപ്പോൾ ഗൾഫുകാരായ പയ്യന്മാരെ വേണ്ട, ഇനി പരിഗണിച്ചാൽ തന്നെ ഫാമിലി വിസയുണ്ടോ എന്ന ചോദ്യം ഉറപ്പ്. പുതിയ തലമുറയിലെ ഗൾഫുകാർ പ്രൊഷണൽ ഡിഗ്രിയൊക്കെ നേടിയ എഞ്ചിനീയർ, ഡോക്ടർ, നേഴ്സ്, അക്കൗണ്ടന്റ്, മാനേജർ, അധ്യാപകർ, ബിസിനസ്സുകാർ എന്നിവരാണ്.

**ഗൾഫ് കുടിയേറ്റം അൽപം ചരിത്രം**

1950 കളിൽ പേർഷ്യൻ കടലിടുക്കിന്റെ ഇരുവശത്തായി സ്ഥിതി ചെയ്യുന്ന രാജ്യങ്ങളിൽ എണ്ണശേഖരം കണ്ടെത്തിയതോടെയാണ് അറേബ്യയുടെ തലവരമാറിയത്. വൻതോതിൽ എണ്ണ കയറ്റുമതി തുടങ്ങിയതോടെ മലയാളികളുടെ ഗൾഫ് കുടിയേറ്റത്തിനു തുടക്കമായി. എണ്ണ പണം വരുന്നതിനു മുൻപ് ഗൾഫ് നാടുകൾക്ക് ഭക്ഷ്യധാന്യങ്ങൾക്കും, വസ്ത്രത്തിനുമൊക്കെ ഇന്ത്യ പ്രത്യേകിച്ചു കേരളമായിരുന്നു ആശ്രയം. സമ്പന്നരായ പ്പോൾ അറബിനാടുകൾ കേരളത്തെ മറന്നില്ല. മലബാറി എന്ന ഓമനപ്പേരിൽ അറബികൾ വിളിക്കുന്ന മലയാ ളികൾ കൂട്ടത്തോടെ ഗൾഫിലേക്ക് ഒഴുകി. പതിമൂന്ന് മലയാളികൾ അടങ്ങുന്ന ആദ്യസംഘം പക്ഷേ യാത്ര തിരിച്ചത് കേരളതീരത്ത് നിന്നായിരുന്നില്ല. 1955ൽ ബോംബെ പോർട്ടിൽ നിന്നും പുറപ്പെട്ട ഒരു ചരക്ക് കപ്പലിൽ അറബിപ്പൊന്ന് തേടി അവർ യാത്രതിരിച്ചു. ഖത്തറിലാണ് അവർ ആഴ്ചകൾ നീണ്ട യാത്രയ്ക്കൊടുവിൽ എത്തിയത്. മലയാളിയുടെ ആദ്യത്തെ ഈ ഗൾഫ് യാത്രയിൽ ഉണ്ടായിരുന്നതിൽ ഇന്ന് ജീവിച്ചിരിക്കുന്ന ഏകയാൾ ഗുരുവായൂർ സ്വദേശിയായ സിദ്ധിക്ക് ഹാജിയാണ്. പിന്നീട് പത്തേമാരികൾ എന്നു വിളിക്കുന്ന പായ് വഞ്ചികളിൽ കേരളതീരങ്ങളിൽ നിന്നും മലയാളികൾ ഗൾഫ് നാടുകളിൽ വന്നണഞ്ഞു.

1960 കളിൽ കുടിയേറ്റം വൻതോതിലായി. ഈ ലേഖകൻ പ്രവാസിയായി താമസിക്കുന്ന ഖോർഫക്കാൻ എന്ന യു.എ.ഇ യുടെ കിഴക്കൻതീരപ്രദേശമായിരുന്നു അന്ന് ദുബായ്, അബുദാബി, ഷാർജ തുടങ്ങിയ എമിറേറ്റുകളിലേക്കു പോകുന്നവരുടെ പ്രവേശനകവാടം. പച്ചപ്പ് നിറഞ്ഞ കേരള തീരങ്ങൾ വിട്ടു അറബിക്കടലിലൂടെ പത്തേമാരികളിൽ ആഴ്ചകളും മാസങ്ങളും നീളുന്ന, മരണത്തെ മുഖാമുഖം കാണുന്ന ക്ലേശപൂർണ്ണമായ നരകയാതന നിറഞ്ഞ യാത്രക്കൊടുവിൽ ഖോർഫക്കാൻ എന്ന എമിറാത്തി തീരത്തണയാൻ വഴികാട്ടിയായിരുന്നത് കടലിലേക്ക് തള്ളി നിൽക്കുന്ന 'അടയാളപാറ' എന്ന് ആദ്യകാല പ്രവാസികൾ വിളിച്ചിരുന്ന മലയായിരുന്നു. പത്തേമാരികൾ തീരത്തു നങ്കൂരമിട്ടിരുന്നില്ല. തീരത്തോടടുക്കുമ്പോൾ കടലിൽ ചാടി നീന്തിയാണ് കരയിൽ എത്തിയിരുന്നത്. പത്തേമാരി എന്ന മലയാളസിനിമയിൽ മലയാളിയുടെ കള്ളലോഞ്ചിലുള്ള ഗൾഫിലേക്കുള്ള സാഹസികയാത്രയും ഖോർഫക്കാൻ തീരത്തണയുന്നതും കാണിക്കുന്നുണ്ട്.

**ഗൾഫും കേരളവും അൽപം കണക്കുകളും**

2014 കണക്കുപ്രകാരം 23.63 ലക്ഷം മലയാളികൾ ഗൾഫ് രാജ്യങ്ങളിലുണ്ട്. മലയാളി പ്രവാസി ജനസംഖ്യയിൽ 7,73,624 പേരുള്ള യു.എ.ഇ ഒന്നാം സ്ഥാനത്തും (38.7%) 4,50,229 പേരുള്ള സൗദി അറേബ്യ രണ്ടാം സ്ഥാനത്തും (25.2%) 1,48,427 പേരുള്ള ഖത്തർ മൂന്നാം സ്ഥാനത്തുമാണ്. മറ്റു ഗൾഫ് രാജ്യങ്ങളായ ഒമാനിൽ 1,34,019 പേരും കുവൈറ്റിൽ 1,27,782 പേരും ബഹറിനിൽ 1,01,556 പേരുമാണ് മലയാളികൾ. കേരളത്തിൽ അമ്പതു ലക്ഷത്തോളം ആളുകൾ പ്രവാസികളെ ആശ്രയിച്ചുകഴിയുന്നവരാണ്. ഏറ്റവുമധികം പ്രവാസികൾ മലപ്പുറം ജില്ലയിൽ നിന്നാണ് 4,44,100. രണ്ടാമതുള്ള കണ്ണൂരിൽ 2,90,000 പേരുണ്ട്. തിരുവനന്തപുരം, തൃശൂർ എന്നിവ മൂന്നും, നാലും സ്ഥാനത്താണ്. ഇടുക്കി ജില്ലയിലാണ് പ്രവാസികൾ ഏറ്റവും കുറവ്. കേരളത്തിന്റെ മൊത്തം വരുമാനത്തിന്റെ (ഏ.ഉ.ജ) 31 ശതമാനം പ്രവാസികൾ അയയ്ക്കുന്ന പണമാണ്.

**ഗൾഫ് സ്വപ്നങ്ങൾ പൊലിയാനുള്ള കാരണങ്ങൾ**

പത്തുവർഷം മുൻപുവരെ ഗൾഫിൽ നിന്നും മലയാളികൾക്ക് മടങ്ങേണ്ടിവരും എന്ന് സ്വപ്നത്തിൽ പോലും ആരും കരുതിയതല്ല. 2008 ലെ ആഗോളസാമ്പത്തിക മാന്ദ്യമായിരുന്നു തുടക്കം. അമേരിക്കയിൽ ആരംഭിച്ച് ലോകമെങ്ങും പരന്ന മാന്ദ്യം ഗൾഫ് രാജ്യങ്ങളെയും ബാധിച്ചു. ഡോളറിന് മൂല്യം ഇടിഞ്ഞു. ഡോളറുമായി ബന്ധിപ്പിച്ചിരിക്കുന്ന അറബ് എണ്ണവ്യാപാരത്തെയും ഇത് ബാധിച്ചു. നിരവധി പ്രൊജക്ടുകൾ ഉപേക്ഷിക്കുകയോ നിർത്തിവയ്ക്കുകയോ ചെയ്തു. ആയിരക്കണക്കിനു മലയാളികൾക്ക് താൽക്കാലികമായോ സ്ഥിരമായോ ജോലി നഷ്ടപ്പെട്ടു. മലയാളികൾ നടത്തിയിരുന്ന നിരവധി കമ്പനികൾ അടച്ചുപൂട്ടി. എണ്ണ വിലയിടിവ് മറ്റൊരു പ്രതിസന്ധിയായിരുന്നു. 2008 ൽ ബാരലിന് 140 ഡോളർ വിലയുണ്ടായിരുന്ന ക്രൂഡ് ഓയിൽ 2016 ൽ 40 ഡോളർ വരെ താണു. എണ്ണ കയറ്റുമതിയെ ആശ്രയിക്കുന്ന ഗൾഫ് സമ്പദ്വ്യവസ്ഥയെ നിസാരമായി ബാധിച്ചു. പെട്രോളിയം, ഷിപ്പിംഗ്, പോർട്ട്, ട്രാൻസ്പോർട്ട് കമ്പനികളിൽ ജോലി ചെയ്തിരുന്ന ആയിരക്കണക്കിന് മലയാളികൾക്കു ജോലി നഷ്ടമായി. വരുമാനം കുറഞ്ഞത് ഹെൽത്ത്, ടെലികമ്മ്യൂണിക്കേഷൻ, ഇലക്ട്രിസിറ്റി തുടങ്ങിയ മേഖലകളിലെ ഗവൺമെന്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്ന അനേകം പ്രവാസികളുടെ പിരിച്ചുവിടലിൽ കലാശിച്ചു.

ജീവിതചിലവിൽ ഉണ്ടായ വർദ്ധനവ് പ്രവാസികളുടെ ജീവിതം ദുസ്സഹമാക്കി. നിരവധി പേർ കുടുംബത്തെ നാട്ടിൽ അയച്ചു. വാടക കുത്തനെ ഉയർന്നത് ചെറിയ കടകൾ നടത്തുന്ന പ്രവാസികളെയും, കുടും ബമായി കഴിയുന്നവരെയും ബാധിച്ചു. എണ്ണവരുമാനം കുറഞ്ഞതോടെ ഗവൺമെന്റ് വിസ, ട്രാഫിക് ഫൈനുകൾ, ലൈസൻസുകൾ, വെള്ളം, ഇലക്ട്രിസിറ്റി, മറ്റു സേവനങ്ങൾ ഇവയുടെ ഫീസുകൾ കൂട്ടി. ഇതെല്ലാം പ്രവാസികളുടെ കീശ ചോർത്തുകയും ഗൾഫിൽ ജോലി ചെയ്തിട്ടു പ്രയോജനം ഇല്ല എന്ന അവസ്ഥയായി.

ഒരു ഇരുപതു വർഷങ്ങൾക്കു മുമ്പ് സ്കൂൾ വിദ്യാഭ്യാസമെങ്കിലുമുള്ള അറബികളുടെ എണ്ണം തുലോം കുറവായിരുന്നു. അവരുടെ ഇംഗ്ലീഷ് ഭാഷയിലെ പിന്നോക്കാവസ്ഥ ഗുണം ചെയ്തിരുന്നത് മലയാളികൾക്ക് ആയിരുന്നു. മുൻപൊക്കെ ബാങ്കിലോ ഗവൺമെന്റ് ഓഫീസുകളിലോ വൻ കമ്പനികളുടെ തലപ്പത്തോ മലയാളി കുത്തകയായിരുന്നു. ഇപ്പോൾ ഉന്നത ബിരുദങ്ങൾ നേടുന്ന അറബികൾ ഹോസ്പിറ്റൽ, ബാങ്ക്, ഓഫീസുകൾ, എഞ്ചിനീയറിംഗ്, യൂണിവേഴ്സിറ്റികൾ തുടങ്ങി സർവ്വകലാശാലകളിലും രംഗം കയ്യടക്കി. ഈ ലേഖകൻ പഠിപ്പിക്കുന്ന സ്കൂളിൽ 25 വർഷം മുമ്പാണ് ബ്രിട്ടീഷ് സിലബസിൽ സ്വദേശി വിദ്യാർത്ഥികൾ ക്കായി തുടങ്ങിയത്. ഇതിനോടകം ആയിരക്കണക്കിന് സ്വദേശികൾ ആഗോള നിലവാരമുള്ള സ്കൂൾ വിദ്യാഭ്യാസം നേടിക്കഴിഞ്ഞു. ലോകത്തിലെ എല്ലാ പ്രശസ്തമായ യൂണിവേഴ്സിറ്റികളും ദുബായിൽ കോളജുകൾ തുടങ്ങി. അവിടെനിന്നും ആയിരക്കണക്കിന് സ്വദേശികൾ പഠിച്ചിറങ്ങി എല്ലാ മേഖലകളിലും വിദേശികളെ പുറംതള്ളിക്കൊണ്ടിരിക്കുന്നു.

വിവിധ ഗൾഫ് രാജ്യങ്ങളിൽ ആരംഭിച്ച സ്വദേശിവൽക്കരണനടപടികൾ പ്രവാസികളുടെ വൻതോതിലുള്ള പിരിച്ചു വിടലിൽ കലാശിച്ചു. 2011 ൽ ആണ് സൗദിഅറേബ്യ നിതാഖത് എന്ന പേരിൽ സ്വദേശിവൽക്കരണം തുടങ്ങിയത്. മൊബൈൽ ഷോപ്പുകൾ പൂർണ്ണമായും സ്വദേശിവൽക്കരിച്ചതോടെ ആയിരക്കണക്കിന് മലയാളികൾക്ക് ജോലി ഇല്ലാതായി. അതുപോലെ സൗദി ഹോസ്പിറ്റലുകളിലെ നൂറുകണക്കിന് നേഴ്സുമാരെ പിരിച്ചു വിട്ടു. അടുത്തതായി ബക്കാല (ഗ്രോസറികളും, ചെറിയ സൂപ്പർമാർക്കറ്റുകളും) പൂർണ്ണമായും സ്വദേ ശികൾക്കായി മാറ്റാൻ കഴിയുന്നു. കൂനിന്മേൽ കുരുപോലെ വിദേശികളുടെ ആശ്രിതരായി കഴിയുന്ന കുടും ബാംഗങ്ങൾക്കു ഒരാൾക്ക് 2017 ജൂലൈ ഒന്നു മുതൽ 100 റിയാൽ (ഏകദേശം 1700 രൂപ) നികുതി ചുമത്താൻ പോകുന്നു. 2018ൽ ഇത് 200, 2019ൽ 300, 2020ൽ 400 എന്ന നിലയിൽ വർദ്ധിക്കും.

യു.എ.ഇ എമിറായിറ്റേഷൻ എന്ന ഒരു പ്രത്യേക വകുപ്പ് തന്നെ സ്വദേശിവൽക്കരണത്തിനായി രൂപീകരിച്ചു. സർക്കാർ നിയന്ത്രണത്തിലുള്ള ഹോസ്പിറ്റലുകൾ, ഇലക്ട്രിസിറ്റി ഇവ നടത്തിപ്പിനായി സ്വകാര്യ കമ്പനികൾക്ക് നൽകുന്നു. നിരവധി എഞ്ചിനീയർമാർ, നഴ്സുമാർ, ഡോക്ടർമാർ പിരിച്ചുവിടൽ ഭീഷണിയിലാണ്. ലൈസൻസ് ഫീസ്, വിസ ചിലവുകൾ, വാടക ഇവ കുത്തനെ കൂടിയതിനാൽ നിരവധി ഗ്രോസറികൾ, വർക്ഷോപ്പുകൾ, സലൂണുകൾ, ഹോട്ടലുകൾ ഇവ പൂട്ടിക്കഴിഞ്ഞു. ഒമാൻ സ്വദേശിവത്ക്കരണം പണ്ടേ ആരംഭിച്ച രാജ്യമാണ്. അവിടെ ടാക്സി ഡ്രൈവർമാർ, പച്ചക്കറി ഷോപ്പുകൾ ഇവ പൂർണ്ണമായും സ്വദേശിവത്ക്കരിച്ചുകൊണ്ടായിരുന്നു തുടക്കം.

മിനിസ്ട്രി ഓഫ് ഹെൽത്തിൽ ജോലി ചെയ്തിരുന്ന നൂറുകണക്കിന് നഴ്സുമാർ, ലാബ് ടെക്നീഷ്യന്മാർ, മറ്റു ജോലിക്കാർ ഇവരെ പിരിച്ചു വിട്ടിരുന്നു. ഖത്തറിന് മേലേയുള്ള ഉപരോധവും പ്രവാസികളെ ബാധിച്ചു. ഖത്തറിലെ നിരവധി മലയാളികൾക്ക് ജോലി നഷ്ടപ്പെടുമെന്ന ഭീഷണിയാണ്. ഇപ്പോൾ നാട്ടിലും ഉയർന്ന കൂലിയും ശമ്പളവും ആയതോടെ ഗൾഫ് ജോലികൊണ്ടുള്ള മെച്ചം പഴയതുപോലെയില്ല. കായികാദ്ധ്വാനമുള്ള ജോലികൾക്ക് ഇപ്പോൾ ഗൾഫിനേക്കാൾ കേരളത്തിലാണ് കൂലി കൂടുതൽ. മാത്രമല്ല ലേബർ ക്യാമ്പിലെ നരകജീവിതത്തിനും, മരുഭൂമിയിലെ കൊടുംചൂടിലുള്ള പത്തും പന്ത്രണ്ടും മണിക്കൂർ നീളുന്ന പുറം ജോലികൾക്കും ഇപ്പോൾ മലയാളികൾ തയ്യാറല്ല.

അങ്ങനെ അരനൂറ്റാണ്ടു പിന്നിട്ട മലയാളിയുടെ പ്രവാസജീവിതത്തിന് തിരശീല വീഴാൻ സമയമായി. തിരികെ ഞാൻ വരുമെന്ന വാർത്ത കേൾക്കാനായ് ഗ്രാമം കൊതിക്കാറുണ്ടെന്നും, തിരികെ മടങ്ങുവാൻ തീരത്തടുക്കുവാൻ ഞാനും കൊതിക്കാറുണ്ടെന്നും.


### ലാൻഡ്‌വേ ന്യൂസിന്റെ പരസ്യനിരക്കുകൾ

| SIZE | MULTICOLOUR | BLACK & WHITE |
|---|---|---|
| Frontside Half | 12,000/- | NIL |
| Full Page (Back) | 12,000/- | NIL |
| Half Page (Back) | 8,000/- | NIL |
| Quarter Page (Middle) | 5,000/- | NIL |
| 10 Cm X 3 Column | 4,000/- | 2,000/- |
| 10 Cm X 2 Column | 3,000/- | 1,500/- |
| 5 Cm X 2 Column | 1,500/- | 750/- |
| Minimum 5 cm X 1 Column - Rs. 600/- (BW) | | |
| Matrimonial - Rs 600/- for 4 Issues Rs. 1800/- (BW) | | |

**വരിസംഖ്യ, സംഭാവന, പരസ്യത്തുക എന്നിവ അയയ്ക്കേണ്ട ലാൻഡ്‌വേ ന്യൂസിന്റെ ഔദ്യോഗിക വിലാസവും ബാങ്ക് അക്കൗണ്ടും താഴെ കൊടുക്കുന്നു.**

*Office Address*

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pathanamthitta Dist,
Kerala State, India - 689502

*Bank Details*

LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

### ഇന്ത്യയ്ക്ക് പുറത്തുനിന്നുള്ള ലാൻഡ്‌വേ ന്യൂസ് വായനക്കാരുടെ ശ്രദ്ധയ്ക്ക്

ഇന്ത്യയ്ക്ക് പുറത്തുള്ള ചില രാജ്യങ്ങളിൽ നിന്നും സംഘടനകളുടെ പേരിൽ സംഭാവന അയയ്ക്കാൻ അനുവദനീയമല്ല. അങ്ങനെയുള്ള രാജ്യങ്ങളിൽ നിന്നും വരിസംഖ്യകളും സംഭാവനകളും അയയ്ക്കുന്നവർ താഴെക്കാണുന്ന ബാങ്ക് വിലാസത്തിൽ അയയ്ക്കുക.

**Santhosh Pandalam**
**A/C No: 14170100002307,**
**IFSC Code: FDRL0001417**
**MICR Code: 689049476**

**Federal Bank,**
**Pandalam Branch,**
**Pathanamthitta Dist.,**
**Kerala, India**

LANDWAY NEWS

Bringing You Closer to God
LANDWAY

Published From Pathanamthitta
Volume No. 3, Issue No.8 | Pages 8 | Price: Rs. 10/-

10 AUG 2017

Olive Thottathil, Thumpamon P.O., Pandalam, Pathanamthitta Dist, Kerala State, India - 689502; Phone: +91-9447440441, Email: landwaynews@gmail.com WWW.LANDWAYNEWS.COM

RNI-KERBIL/2015/62054. Postal Registration No. KL/PTA/93/2015 - 2017. WPP License Number: KL/PTA/WPP/217/2015 - 2017. Posted at RMS, Thiruvalla, Posting Date: on 10/08/2017


# കുട്ടികളും കാർട്ടൂൺ ചാനലുകളും




ഏബ്രാഹം മന്ദമരുതി


''മക്കളെക്കൊണ്ട് ഒരു ശല്യവുമില്ല, അവർ കാർട്ടൂണും കണ്ടിരുന്നോളും'', ''കാർട്ടൂൺ ഓണാക്കി കൊടുത്താ മതി; നിർബന്ധിക്കാതെതന്നെ അവൻ ആഹാരം കഴിച്ചുകൊള്ളും.'' മക്കളുടെ ''നല്ല പെരുമാറ്റ''ത്തെക്കുറിച്ചുള്ള പല മാതാപിതാക്കളുടെയും അഭിപ്രായം ഇങ്ങനെ പോകുന്നു. മറ്റു ശല്യങ്ങളൊന്നുമുണ്ടാകാതിരിക്കാൻ കുട്ടികൾ കാർട്ടൂൺ കാണുന്നത് പ്രോത്സാഹിപ്പിക്കുന്ന രക്ഷിതാക്കൾ ഇന്ന് വർദ്ധിച്ചുവരികയാണ്. കാർട്ടൂൺ കണ്ടോട്ടേ, മറ്റു പ്രശ്നങ്ങളൊന്നും ഉണ്ടാക്കില്ലല്ലോ എന്നാണ് പലരും ആശ്വസിക്കുന്നത്. യഥാർത്ഥത്തിൽ, ഇത്തരം ചാനലുകൾക്കു മുമ്പിൽ ചടഞ്ഞിരിക്കുന്ന കുട്ടികളിലുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പല മാതാപിതാക്കളും അജ്ഞരാണ്.

ആധുനിക സാങ്കേതികവിദ്യയുടെ മഹത്തായ സംഭാവനകളിലൊന്നാണ് ടെലിവിഷൻ എന്നു പറയുന്നതിൽ അതിശയോക്തിയില്ല. ലോകത്തിന്റെ ഏതു കോണിലും നടക്കുന്ന സംഭവവികാസങ്ങൾ അപ്പോഴപ്പോൾ അതിന്റെ തനിമയിൽ തന്നെ നോക്കിക്കാണാൻ ഇതിലൂടെ നമുക്കു കഴിയുന്നു. ലോകം മുഴുവൻ ''ചെറുതായി'' നമ്മുടെ ഭവനത്തിൽ എത്തുന്നു എന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത. വിവര-വിജ്ഞാന-വിനോദ മേഖലയിൽ ടെലിവിഷന്റെ സ്വാധീനം ഇന്ന് ഏറെ വളർന്നുകഴിഞ്ഞു. നിരവധി ഗുണങ്ങൾ നിലനിൽക്കുമ്പോൾ തന്നെ അപകടങ്ങളും പതിയിരിക്കുന്നു എന്നത് ശ്രദ്ധിക്കാതെ പോകാനാവില്ല. പ്രത്യേകിച്ചും വിനോദത്തിനു മാത്രമായി ടി.വി മാറുന്നത് ഏറെ അപകടങ്ങൾ സൃഷ്ടിക്കും. കുട്ടികളെയാണ് ഇത് ഏറ്റവും ദോഷകരമായി ബാധിക്കുന്നത്.

വിനോദത്തിനായി കുട്ടികൾ ഇന്ന് ഏറെ ആശ്രയിക്കുന്ന മാധ്യമമാണ് കാർട്ടൂൺ ചാനലുകൾ. കാർട്ടൂൺ നെറ്റ്വർക്ക്, പോഗോ, കൊച്ചു ടിവി ഇങ്ങനെ പോകുന്നു ഇത്തരം ചാനലുകളുടെ നിര. കടുത്ത ചായങ്ങൾ, ശക്തമായ പ്രകാശം, ആകർഷകമായ ശബ്ദങ്ങൾ, അമാനുഷിക പ്രകടനങ്ങൾ തുടങ്ങിയവയൊക്കെ കൊണ്ട് ഇത്തരം ചാനലുകളിലെ കാർട്ടൂണുകൾ കുട്ടികൾക്ക് ഏറെ പ്രിയപ്പെട്ടവയാണ്. ടോം & ജെറി, ഛോട്ടാബീം, സ്പൈഡർമാൻ തുടങ്ങിയവയൊക്കെ അതിൽ പ്രധാനമാണ്. രാവിലെ ഉണരുന്നതു മുതൽ ഏറെ വൈകി ഉറങ്ങുന്നതുവരെ ഇവയ്ക്കു മുമ്പിൽ ജാഗ്രതയോടെ ഇരിക്കാൻ കുട്ടികൾക്കു യാതൊരു മടിയുമില്ല. അവരുടെ പെരുമാറ്റത്തെയും ജീവിതശൈലിയെയും ബാധിക്കുന്ന ഈ കാഴ്ചകളുടെ പിന്നിലെ അപകടം മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടതുണ്ട്.

**ആദ്യം മുതൽ തന്നെ നിശ്ചിത സമയം മാത്രം കുട്ടികൾക്കു വിനോദത്തിനായി അനുവദിക്കുക. ദിവസത്തിലോ ആഴ്ചയിലോ ഒരു ക്ലിപ്ത സമയം ടി.വി ക്ക് മുന്നിലിരിക്കാൻ അനുവദിക്കുമ്പോൾ അമിതമായ അടിമത്തത്തിൽ നിന്ന് അവരെ രക്ഷിക്കാനാകും. ഒപ്പം, തെറ്റും ശരിയും ചൂണ്ടിക്കാണിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.**

## പിടിവാശി കൂടുന്നു

തുടർച്ചയായി കാർട്ടൂണുകൾ കാണുന്ന കുട്ടികളിൽ എന്തിനും ഏതിനും പിടിവാശി കൂടുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. കാർട്ടൂണിലെപ്പോലെ സ്വപ്നലോകത്താണ് അവരിൽ പലരും ജീവിക്കുന്നത്. അവരുടെ ചിന്തകളിൽ മുഴുവൻ കാർട്ടൂൺ കഥാപാത്രങ്ങളാണ്. അനുസരണക്കേട്, ശാഠ്യം, അച്ചടക്കമില്ലായ്മ തുടങ്ങിയുള്ള സ്വഭാവങ്ങൾ ഇത്തരം കുട്ടികളിൽ വളരുക സ്വാഭാവികമാണ്.

## അന്ധമായ അനുകരണം

കാർട്ടൂണിലെ സൂപ്പർമാന്മാരെ അനുകരിക്കാനുള്ള പ്രവണത കുട്ടികളിൽ വളരുന്നു. അമാനുഷികരായ ഇത്തരം ഹീറോകളോട് താദാത്മ്യപ്പെടാനും അനുകരിക്കാനും ഇവർ നിർബന്ധിതരാകുന്നു. അവരെപ്പോലെ പെരുമാറുക, സംസാരിക്കുക തുടങ്ങിയുള്ള പ്രവർത്തികളിലൂടെ പല അബദ്ധങ്ങളിലും ഇവർ ചെന്നു ചാടുന്നു. മത്സരം, വിദ്വേഷം, പക, വൈരാഗ്യം തുടങ്ങിയുള്ള പല തെറ്റായ സ്വഭാവങ്ങളും ഈ കഥാപാത്രങ്ങളിൽ നിന്നും അവർ സ്വീകരിക്കുന്നു.

## അപകടത്തിലാക്കുന്ന ശാരീരിക - മാനസികവളർച്ച

സദാസമയവും ടി.വി.ക്ക് മുമ്പിൽ ചടഞ്ഞുകൂടിയിരിക്കുമ്പോൾ സമയത്തു ഭക്ഷണം കഴിക്കാൻ പോലും കുട്ടികൾ മറക്കുന്നു. മറ്റൊന്നിനെക്കുറിച്ചും അവർക്ക് ചിന്തിക്കാൻ സമയമില്ല തന്നെ. കഴിച്ചാൽ തന്നെ, എന്താണ് കഴിക്കുന്നത്, എത്ര കഴിക്കുന്നു എന്നൊക്കെ ശ്രദ്ധിക്കാൻ പോലും കുട്ടികൾക്കും മാതാപിതാക്കൾക്കും കഴിയുന്നില്ല. ഇത് അവരുടെ ശാരീരിക വളർച്ചയെ ദോഷമായി ബാധിക്കുന്നു. കൂട്ടുകാരുമൊത്ത് ഓടിക്കളിച്ച്, കുസൃതി കാട്ടി നടക്കേണ്ട പ്രായത്തിൽ ഏകരായി ടി.വി.ക്കു മുമ്പിൽ ഇരിക്കുമ്പോൾ ഭാവിയിൽ ശാരീരിക പ്രശ്നങ്ങളും ബുദ്ധിവൈകല്യങ്ങളും സംഭവിക്കാനുള്ള സാദ്ധ്യതയുണ്ട്.

## വഴിമാറുന്ന ആത്മീയത

നിരന്തരമായി കാർട്ടൂണുകളുടെ മുമ്പിലിരിക്കുന്ന കുട്ടിക്ക് മാതാപിതാക്കൾക്കും സഹോദരങ്ങൾക്കുമൊപ്പമുള്ള കുടുംബ പ്രാർത്ഥനയ്ക്ക് വേണ്ടത്ര താൽപര്യമുണ്ടാകാനിടയില്ല. ഇത്തരം കാര്യങ്ങൾ അവരുടെ സ്വാതന്ത്ര്യത്തിലേക്ക് കയറിവരുന്ന ഇടർച്ചക്കല്ലായി അവർ കാണും. അതിലൊക്കെ ഉപരി വലിയ ഒരു അപകടം, കുഞ്ഞുപ്രായത്തിൽ ദൈവാശ്രയവും വിശ്വാസവും കോറിയിടപ്പെടേണ്ട കുഞ്ഞു മനസ്സുകളിൽ സ്വപ്നലോകത്തെ ഹീറോയിലുള്ള ആശ്രയവും വിശ്വാസവും ഇടംപിടിക്കുന്നു എന്നതാണ്. ആപൽഘട്ടത്തിൽ ഇത്തരം സൂപ്പർമാൻമാരായിരിക്കും കുട്ടികളുടെ ചിന്തയിലേക്ക് വരിക.

## സമയം ക്രമീകരിക്കുക

ആദ്യം മുതൽ തന്നെ നിശ്ചിത സമയം മാത്രം കുട്ടികൾക്കു വിനോദത്തിനായി അനുവദിക്കുക. ദിവസത്തിലോ ആഴ്ചയിലോ ഒരു ക്ലിപ്ത സമയം ടി.വി ക്ക് മുന്നിലിരിക്കാൻ അനുവദിക്കുമ്പോൾ അമിതമായ അടിമത്തത്തിൽ നിന്ന് അവരെ രക്ഷിക്കാനാകും. ഒപ്പം, തെറ്റും ശരിയും ചൂണ്ടിക്കാണിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കാർട്ടൂണിലെ അമാനുഷിക പ്രകടനം നടത്തുന്നവർ വെറും സങ്കല്പകഥാപാത്രങ്ങൾ മാത്രമാണെന്ന് അവർ തിരിച്ചറിയണം.

പകരം വചനത്തിലെ ക്രിസ്തുവിനെ കുട്ടികൾ അടുത്തറിയണം. അതിനായി സൺഡേസ്കൂളുകളിൽ നിരന്തരമായി പങ്കെടുക്കുന്നതിനുള്ള പ്രോത്സാഹനം മാതാപിതാക്കളുടെ ഭാഗത്തുനിന്ന് കുട്ടികൾക്ക് ലഭിക്കേണ്ടിയിരിക്കുന്നു.


www.joscohospital.com
www.josco.edu.in

JOSCO COLLEGE OF NURSING EDAPPON

joscocollegeofnursing@gmail.com
9544460920, 04792374870

JOSCO COLLEGE OF NURSING
(Christian Minority Women's College)
JOSCO MULTI SPECIALITY HOSPITAL
EDAPPON, JOSCO JN, PANDALAM

NO DONATION,
NO ENTRANCE,
Only @ Gov. Fees

ADMISSION STARTED
FOR POST BASIC
BSC. NURSING



- വിശ്വാസികളായ വിദ്യാർഥികൾക്ക് പ്രവേശന മുൻഗണന
- പാസ്റ്ററുടെ ശിപാർശകത്തുള്ള അർഹരായവർക്ക് ഫീസ് ഇളവ് ലഭ്യമാണ്
- പ്രവേശനം പെൺകുട്ടികൾക്ക് മാത്രം
- ഹോസ്റ്റൽ സൗകര്യം / പഠനത്തോടൊപ്പം പരിശീലനം
- PB. BSc ക്കു ശേഷം ആവശ്യമുള്ളവർക്ക് MSc നേഴ്സിംഗ് പഠിക്കുവാനുള്ള സൗകര്യം
- പ്രൊസ്പെക്ടിനും അപേക്ഷാ ഫോമും ഓഫീസിൽ നിന്ന് ലഭിക്കുന്നു

Recognized by INDIAN NURSING COUNCIL, KERALA NURSING COUNCIL, AFFILIATED BY KUHS



Printed, Published and owned by Santhosh Pandalam and Printed at Mangalam Publications (I) PVT, LTD, Mangalam Complex, S.H. Mount P.O, Kottayam (Dist), Kerala (State), Pin – 686006, Olive Thottathil, Thumpamon P.O, Pathanamthitta (Dist), Kerala (State), India – Editor: Sherly Santhosh.